# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നാദാപുരം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ കെ ഡി/പി 6/336/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 21/03/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നാദാപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ കെ കെ ഡി/പി 6/336/2023 തീയ്യതി: 21/03/2023

## കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ.പി രത്നസിംഗ് | ഡെപ്യൂട്ടി ഡയറക്ടർ | 24-02-2023 | 04-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-02-2023 | 04-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഗിരീശൻ പാറപ്പൊയിൽ.ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.ജിഷ സാമുവൽ.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.എൻ. രാജീവൻ.സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അബ്ദുൾനസീർ.സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ജാസിർ സി.എം.സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.വിജേഷ് കെ.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വി.വി മുഹമ്മദലി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.പ്രേമാനന്ദൻ ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 07-04-2021 |
| ശ്രീ.രജ്ജുലാൽ എം.പി | സെക്രട്ടറി | 08-04-2021 | 07-10-2021 |
| ശ്രീ.പ്രേമാനന്ദൻ ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-10-2021 | 27-10-2021 |
| ശ്രീ.രജ്ജുലാൽ എം.പി | സെക്രട്ടറി | 28-10-2021 | 01-12-2021 |
| ശ്രീ.പ്രേമാനന്ദൻ ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-12-2021 | 21-02-2022 |
| ശ്രീ.പ്രേമാനന്ദൻ ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-03-2022 | 31-03-2022 |
| ശ്രീ.അരുൺകുമാർ ഇ | സെക്രട്ടറി | 22-12-2021 | 07-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പ്രേമാനന്ദൻ ടി | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.സജീറ സി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഗീത ജി.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.സി.എച്ച് പ്രദീപ് കുമാർ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ഡോ.ശില്ല രാജ് | വെറ്ററിനറി സർജൻ | 01-04-2021 | 29-05-2021 |
| ഡോ.അമ്പിളി നാരായണൻ | വെറ്ററിനറി സർജൻ | 30-05-2021 | 03-12-2021 |
| ഡോ.രജിത്ത് ടി | വെറ്ററിനറി സർജൻ | 04-12-2021 | 31-03-2022 |
| ഡോ.ജമീല എം | സൂപ്രണ്ട് താലൂക്ക് ഹോസ്പിറ്റൽ | 01-04-2021 | 31-03-2022 |
| ഡോ.തൻസീറ കെ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി.അനില വൈ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 16-05-2021 |
| ശ്രീ.അബ്ദുൾ റെനീഷ് പി | അസിസ്റ്റന്റ് എഞ്ചിനീയർ | 17-05-2021 | 04-07-2021 |
| ശ്രീമതി.രേഷ്മ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 05-07-2021 | 30-12-2021 |

| | | | |
|---|---|---|---|
| ശ്രീ.അബ്ദുൾ റെനീഷ് പി | അസിസ്റ്റന്റ് എഞ്ചിനീയർ | 31-12-2021 | 03-02-2022 |
| ശ്രീ.സ്മിത എം | അസിസ്റ്റന്റ് എഞ്ചിനീയർ | 04-02-2022 | 31-03-2022 |
| ശ്രീമതി.സജിത പി | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2021 | 18-04-2021 |
| ശ്രീ.ശിവപ്രസാദ് എസ്.എസ് | ഡയറി ഫാം ഇൻസ്പെക്ടർ | 19-04-2021 | 24-11-2021 |
| ശ്രീമതി.സുനിഷ | ഡയറി ഫാം ഇൻസ്പെക്ടർ | 25-11-2021 | 31-03-2022 |
| ശ്രീമതി.സോണിയ സെബാസ്റ്റ്യൻ | വി.ഇ.ഒ-നാദാപുരം സർക്കിൾ | 01-04-2021 | 09-08-2021 |
| ശ്രീമതി.ഷഫ്ന | വി.ഇ.ഒ-നാദാപുരം സർക്കിൾ | 09-08-2021 | 31-10-2021 |
| ശ്രീ.അവിനാഷ് | വി.ഇ.ഒ-നാദാപുരം സർക്കിൾ | 01-11-2021 | 31-03-2022 |
| ശ്രീമതി.ദീപ ഒ.പി | വി.ഇ.ഒ-കുറ്റിപ്പിറം സർക്കിൾ | 01-04-2021 | 09-08-2021 |
| ശ്രീമതി.സോമിയ സെബാസ്റ്റ്യൻ | വി.ഇ.ഒ-കുറ്റിപ്പിറം സർക്കിൾ | 10-08-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് തയ്യാറാക്കലും പരിപാലനവും- അപാകതകൾ ഓഡിറ്റ് വർഷവും തുടർന്നു | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | മുൻ റിപ്പോർട്ടിലെ ഗൗരവമേറിയ പരാമർശങ്ങളിൽ നടപടികളില്ല | 1-5 |
| 7 | ക്യാഷ് പരിശോധന | 1-6 |
| 8 | തെറ്റായി ഒക്യുപ്പൻസി നൽകിയ കെട്ടിടത്തിന്റെ ഒക്യുപ്പൻസി നാളിതുവരെ ക്യാൻസൽ ചെയ്തില്ല | 1-7 |
| 9 | അനധികൃത നിർമ്മാണ ക്രമവൽക്കരണ അപേക്ഷാ ഫീസ് ഈടാക്കിയതിൽ കുറവ് | 1-8 |
| 10 | തരം മാറ്റിയ ഭൂമിയുടെ സൈറ്റ് പ്ലാനിൽ വ്യക്തതയില്ലാതെ വാണിജ്യ കെട്ടിടത്തിന് ഒക്യുപ്പൻസി അനുവദിച്ചു | 1-9 |
| 11 | റവന്യൂ രേഖകളിൽ തരം മാറ്റിയ വിവരം രേഖപ്പെടുത്താത്ത ഭൂമിയിൽ പെർമിറ്റ് അനുവദിച്ചു | 1-10 |
| 12 | ഒക്യുപ്പൻസി നൽകി വസ്തു നികുതി ഈടാക്കിയ കെട്ടിടങ്ങൾ സഞ്ചയ ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ ഉൾപ്പെട്ടില്ല | 1-11 |
| 13 | കെട്ടിട നിർമ്മാണ ചട്ടം പാലിയ്ക്കാത്ത വാണിജ്യ കെട്ടിടത്തിന് ഒക്യുപ്പൻസി അനുവദിച്ചു. | 1-12 |
| 14 | ഒക്യുപ്പൻസി നൽകി വസ്തു നികുതി ഈടാക്കിയ കെട്ടിടങ്ങൾ സഞ്ചയ ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ ഉൾപ്പെട്ടില്ല | 1-13 |
| 15 | വസ്തു നികുതി കണക്കാക്കിയതിലെ അപാകതകൾ | 1-14 |
| 16 | ഷോപ്പിംഗ് കോംപ്ലക്സ് വാടക പഞ്ചായത്തിൽ അംഗീകൃത ബൈലോ ഇല്ല. | 1-15 |
| 17 | ഭൂജല പര്യാവേഷണത്തിന് തുക നൽകിയത്-ചില പദ്ധതികൾ ഉപേക്ഷിക്കപ്പെട്ടു | 1-16 |
| 18 | ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിൽ ലഭിച്ചില്ല | 1-17 |
| 19 | അഗതി രഹിത കേരളം പദ്ധതി - മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ ലഭിച്ചു എന്ന് ഉറപ്പുവരുത്തിയില്ല | 1-18 |
| 20 | തെങ്ങിന് ജൈവവളം നൽകൽ പദ്ധതിയിൽ കയറ്റിറക്ക് കൂലിയിനത്തിൽ ഭീമമായ ചെലവ് | 1-19 |

| | | |
|---|---|---|
| 21 | പശ്ചാത്തല മേഖല - തൻവർഷ പദ്ധതികളിൽ സർക്കാർ ഗ്രാന്റുകളുടെ വിനിയോഗം തുച്ഛം | 1-20 |
| 22 | അംഗൻവാടി കെട്ടിടം അപകടാവസ്ഥയിൽ-കരാറുകാരനെതിരെ നടപടി സ്വീകരിച്ചില്ല. | 1-21 |
| 23 | കരാർ ചമച്ച് ഒന്നര/രണ്ട് വർഷത്തോളം പ്രവൃത്തി ആരംഭിച്ചില്ല – പൂർത്തീകരണ കാലതാമസത്തിനു നിയമാനുസൃത പിഴ ഈടാക്കിയില്ല | 1-22 |
| 24 | പദ്ധതി ആസൂത്രണ നിർവ്വഹണത്തിൽ സുതാര്യതയില്ല – വേർതിരിച്ചറിയാത്ത വിധം പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുന്നു | 1-23 |
| 25 | പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി - കുടുംബ സംഗമം നടത്താത്തതും മറ്റ് അപാകതകളും | 1-24 |
| 26 | ഫിറ്റ്നെസ് ഇല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടി പ്രവർത്തിക്കുന്നു | 1-25 |
| 27 | ലൈഫ് ഭവന പദ്ധതി (എസ്.സി) ഗുണഭോക്താവ് ഭവന നിർമ്മാണം ആരംഭിച്ചില്ല | 1-26 |
| 28 | റിംഗ് കംപോസ്റ്റ് പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ | 1-27 |
| 29 | വിവിധ വാർഡുകളിൽ തെരുവ് വിളക്ക് സ്ഥപിക്കൽ | 1-28 |
| 30 | തെരുവ് വിളക്കിന് സ്ട്രീറ്റ് മെയിൻവലിക്കൽ - അപാകതകൾ | 1-29 |
| 31 | ക്യൻസർ രോഗ നിർണ്ണയ ക്യാമ്പ് - അപാകതകൾ | 1-30 |
| 32 | കോടതിയലക്ഷ്യം മൂലം വക്കീൽ ഫീസിനത്തിൽ ചെലവ് | 1-31 |
| 33 | അംഗൻ വാടികളുടെ വെള്ളക്കരം-കരമടക്കുന്നതിൽ കൃത്യതയില്ല | 1-32 |
| ഭാഗം **2** | | |
| 1 | അനധികൃത നിർമ്മാണ ക്രമവൽക്കരണ അപേക്ഷാ ഫീസ് ഈടാക്കിയതിൽ കുറവ് | 2-1 |
| ഭാഗം **3** | | |
| 1 | കോടതിയലക്ഷ്യം മൂലം വക്കീൽ ഫീസിനത്തിൽ ചെലവ് | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപnത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ് തയ്യാറാക്കലും പരിപാലനവും- അപാകതകൾ ഓഡിറ്റ് വർഷവും തുടർന്നു

സ്ഥാപനത്തിന്റെ ബജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിലും അത് പരിപാലിക്കുന്നതിലും നിരവധി അപാകതകൾ സംഭവിച്ചതായി 2019-20, 2020-21 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിരുന്നു. ഈ അപാകതകളിൽ മിക്കതും ഓഡിറ്റ് വർഷവും ആവർത്തിച്ചിട്ടുണ്ട്.അംഗീകരിച്ച ബജറ്റും ബജറ്റുമായി ബന്ധപ്പെട്ട അപാകതകളും താഴെ കൊടുക്കുന്നു.

15.2.21 ലെ അജണ്ട ഒന്ന് , തീരുമാനം ഒന്നു പ്രകാരം ഭരണസമിതി അംഗീകരിച്ച ബജറ്റ് താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| മുന്നിരിപ്പ് | 18335307 |
| വരവ് | 290493000 |
| ആകെ | 308828307 |
| ചെലവ് | 303508450 |
| നീക്കിയിരിപ്പ് | 5319857 |

എ) തനത് ഫണ്ട് പ്രൊവിഷൻ വാർഷിക പദ്ധതിയുമായി പൊരുത്തപ്പെടുന്നില്ല

ബജറ്റിൽ വാർഷിക പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും 24989450/- രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ അന്തിമപദ്ധതി രേഖ പരിശോധിച്ചതിൽ 20940700/- രൂപ മാത്രമാണ് വാർഷിക പദ്ധതിക്ക് തനത് ഫണ്ടിൽ നിന്നും വകയിരുത്തിയിരിക്കുന്നതെന്ന് കാണുന്നു. അതായത് ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ 4048750/- രൂപ കുറഞ്ഞ തുകയാണ് വാർഷിക പദ്ധതിക്ക് തനത് ഫണ്ടിൽ നിന്നും വകയിരുത്തിയെന്ന് കാണാം.വർഷാവസാനം ബജറ്റ് പുതുക്കിയപ്പോൾ വിപരീതാവസ്ഥ ഉണ്ടായിട്ടുണ്ട്. വർഷാവസാനമാകുമ്പോഴേക്കും വാർഷിക പദ്ധതിക്കുള്ള തനത് ഫണ്ട് വകയിരുത്തൽ 27463311/-രൂപയായെങ്കിലും പുതുക്കിയ ബജറ്റ് പ്രൊവിഷൻ 19120073/-രൂപ മാത്രമാണുള്ളത് .അതായത് വാർഷിക പദ്ധതിക്ക് തനത് ഫണ്ടിൽ നിന്നും വകയിരുത്തിയ 8343238/-രൂപയ്ക്ക് ബജറ്റ് പ്രൊവിഷനില്ലെന്നു കാണാം. തനത് ഫണ്ട് വകയിരുത്തലിൽ നിന്നും 16585975/-രൂപ ചെലവഴിച്ചിട്ടുണ്ട്.

2019-20, 2020-21 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഈ അപാകത പ്രതിപാദിച്ചതിന് സ്ഥാപനം നല്കിയ മറുപടിയിൽ ബജറ്റിൽ നിന്നുമുള്ള ചെറിയ വ്യതിയാനം സ്വാഭാവികം മാത്രമാണെന്നാണ്.എന്താണ് പരാമർശിച്ചത് എന്ന് പരിശോധിക്കാതേയും ബജറ്റിംഗ് എന്ന പ്രക്രിയയുടെ അന്തസത്ത ഉൾക്കൊള്ളാതേയും നല്കിയ മറുപടി ഈ പ്രക്രിയ കുറ്റമറ്റതാക്കാൻ സ്ഥാപനത്തിനുള്ള ശേഷിക്കുറവ് വ്യക്തമാക്കുന്നുണ്ട്.തദ്ദേശഭരണസ്ഥാപനങ്ങൾക്കുള്ള ബജറ്റ് മാന്വൽ പഠിക്കാതെ ബജറ്റ് തയ്യാറാക്കിയതും ഇത്തരത്തിൽ മറുപടി നല്കിയതും വിശദീകരിക്കപ്പെടേണ്ടതാണ്.

ബി) വാർഷിക പദ്ധതി അടങ്കലും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല

വാർഷിക പദ്ധതിക്കായി ബജറ്റിൽ ,BS9, BS12 ഷെഡ്യൂളുകൾ പ്രകാരം ആകെ 167208450/- രൂപയാണ് വകയിരുത്തിയത് . വാർഷിക പദ്ധതിക്കും NREGS പദ്ധതിക്കും കൂടിയുള്ള തുകയാണിത്. എന്നാൽ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച വാർഷിക പദ്ധതി അടങ്കൽ 73731300/-രൂപയും NREGS പദ്ധതി ആക്ഷൻ പ്ലാൻ അടങ്കൽ 206049825/-രൂപയുമാണ്.അതായത് ഈ രണ്ട് പദ്ധതികൾക്കുമായി ആകെ 279781125/-രൂപയുടെ അടങ്കലിനാണ് ഭരണസമിതി അംഗീകാരം നല്കിയതെന്ന് കാണാം.മേല്പറഞ്ഞതിൽ നിന്നും 112572675/- രൂപയുടെ ( 279781125 - 167208450 ) ബജറ്റ് പ്രൊവിഷനില്ലാതെയാണ് പദ്ധതികൾ ആസൂത്രണം ചെയ്തതെന്ന് കാണാം. ഇത് വിശദീകരിക്കപ്പെടേണ്ടതുണ്ട്. മേലിൽ ഈ അപാകത ആവർത്തിക്കില്ലെന്ന് മുൻ വർഷങ്ങളിലെ

റിപ്പോർട്ടുകളിലെ പരാമർശത്തിന് മറുപടി നല്കിയിട്ടുണ്ട്.

സി) വായ്പ ലഭ്യമാക്കാൻ പ്രൊവിഷനുണ്ടെങ്കിലും എന്തിനെന്ന് വ്യക്തമല്ല

ഓഡിറ്റ് വർഷം 15 ലക്ഷം രൂപ വായ്പാ ഇനത്തിൽ സമാഹരിക്കുന്നതിന് ബജറ്റിൽ പ്രൊവിഷനിട്ടിരുന്നു. എന്നാൽ ഈ വർഷം വായ്പയായി തുകയൊന്നും സമാഹരിച്ചിട്ടുമില്ല. 19.3.22ന് ബജറ്റ് പുതുക്കിയപ്പോഴും 10ലക്ഷം രൂപയുടെ പ്രൊവിഷൻ നിലനിർത്തിക്കാണുന്നു. വായ്പ എടുക്കില്ലെന്ന് ഉറപ്പായിരിക്കെ പുതുക്കിയപ്പോഴും തുക വകയിരുത്തിയത് ബജറ്റ് രൂപീകരണത്തിൽ അർഹിക്കുന്ന പ്രാധാന്യം നല്കുന്നില്ലെന്നതിന് തെളിവായി കാണാം

വായ്പ തിരിച്ചടവ് ഹെഡ്ഡിൽ 60 ലക്ഷം രൂപയുടെ ബജറ്റ് പ്രൊവിഷൻ ഉണ്ടെങ്കിലും പലിശ ഉൾപ്പടെ 4491417/-രൂപ മാത്രമാണ് തൻ വർഷം ചെലവഴിച്ചത്. എന്നാൽ ബജറ്റ് പുതുക്കിയപ്പോൾ ഈ പ്രൊവിഷൻ 20ലക്ഷമായി കുറഞ്ഞു. ഇതുമൂലം 2491417/-രൂപ ബജറ്റിന് പുറത്ത് ചെലവഴിച്ചിട്ടുണ്ട്.

ഡി) പ്രധാനപ്പെട്ട ബജറ്റ് രേഖകൾ തയ്യാറാക്കിയില്ല

മാന്വൽ പ്രകാരം താഴെ കൊടുത്ത രേഖകൾ ബജറ്റ് ബജറ്റിനൊപ്പം തയ്യാറാക്കേണ്ടതാണ്.

എ) ബജറ്റ് നോട്ട്

ബി) ബജറ്റ് സ്പീച്ച്

സി) ജന്റർ ബജറ്റ്

ഡി) പെർഫോമൻസ് ബജറ്റ്

കൂടാതെ ബജറ്റ് തയ്യാറാക്കാൻ ഉപയോഗപ്പെടുത്തിയ വർക്ക് ഷീറ്റുകളും ഇതോടൊപ്പം ലഭ്യമാക്കേണ്ടതാണ്. എന്നാൽ ഇത്തരം രേഖകൾ ഇല്ലാതെയാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. മുൻ വർഷങ്ങളിലെ റിപ്പോർട്ടിൽ പ്രതിപാദിച്ച ഈ അപാകതയ്ക്കും ലഭ്യമാക്കിയ മറുപടി വസ്തുതാ വിരുദ്ധമാണ്. ബജറ്റ് ഫയൽ തയ്യാറാക്കിയത് ഓഡിറ്റിന് സമർപ്പിച്ചെന്നും ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ ബജറ്റിന്റെ ഭാഗമാണെന്നുമാണ് 2020-21 വർഷത്തെ പരാമർത്തിന് മറുപടി നല്കിയിരിക്കുന്നത്. ബജറ്റിനെ അടിസ്ഥാനപ്പെടുത്തി ഇത് പ്രത്യേകം തയ്യാറാക്കേണ്ടതുണ്ടെന്ന കാര്യം സ്ഥാപനം തിരിച്ചറിഞ്ഞില്ലെന്നു കാണാം.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതും തുടർ വർഷത്തിൽ അപാകതകൾ ഒഴിവാക്കി ബജറ്റ് തയ്യാറാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2022 | 13-05-2022 | | |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(1)വികസനഫണ്ട് ജനറൽ, മെയിന്റനൻസ് റോഡ് എന്നീ ഇനങ്ങളിൽ ഇൻകം&എക്സ്പെൻഡിച്ചർ, എ.സി.ആർ, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം ചെലവ് തുകയിൽ വ്യത്യാസം നിലനില്ക്കുന്നു.

| ഫണ്ടിനം | ഇൻകം&എക്സ്പെൻഡിച്ചർ പ്രകാരമുള്ള തുക | എ.സി.ആർ പ്രകാരമുള്ള തുക | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള തുക |
|---|---|---|---|
| വികസനഫണ്ട്- | 19623250 | 18544767 | 20954635 |

| | | | |
|---|---|---|---|
| ജനറൽ | | | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 8560337 | 8615134 | 8615134 |

2)ബി-4 സ്റ്റേറ്റ്മെന്റ് പ്രകാരം സംയുക്ത പ്രോജക്റ്റുകളിൽ ചെലവഴിക്കാൻ നീക്കിയിരിപ്പുള്ളതായി 1558069/- രൂപയുണ്ട്. എന്നാൽ ബി-17 സ്റ്റേറ്റ്മെന്റ് പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്കായുള്ള ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ 1000000/- രൂപയാണ് നീക്കിയിരിപ്പുള്ളത്.

3)ആസ്തികൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തേക്കുള്ള ഡിപ്രിസിയേഷൻ കണക്കാക്കിയത് വർക്ക് ഷീറ്റ് ഇല്ലാതെയാണ്.

4) ബാലൻസ്ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ ഡിപ്രിസിയേഷൻ കണക്കാക്കിയതിന് വർക്ക് ഷീറ്റ് വെച്ചിട്ടില്ല

5)ബാലൻസ് ഷീറ്റ് ബി-5 പ്രകാരം സ്റ്റോർ & സ്റ്റോക്ക് നീക്കിയിരിപ്പ് തുക രേഖപ്പെടുത്തിയിട്ടില്ല.

6)അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-2-2. വിവിധ ഏജൻസികളിലേക്ക് അടവാക്കേണ്ട തുകയും ഡെപ്പോസിറ്റ് നൽകിയ തുകയും ക്രമീകരിക്കാത്തത് -സംബന്ധിച്ച്

1)ബാലൻസ് ഷീറ്റ് ബി-9 പ്രകാരം Kerala Building And Other Construction Workers Welfare Board (ഹെഡ് കോഡ്-350200203) ഇനത്തിൽ 4054/- രൂപ നീക്കിയിരിപ്പുണ്ട്.മേൽ തുക ബിൽഡിംഗ്&കൺസ്ട്രക്ഷൻ വെൽഫെയർ ബോർഡിലേക്ക് അടവാക്കേണ്ടതാണ്.

2)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ മുൻവർഷത്തിൽ അനുവദിച്ച തുകകൾ ക്രമീകരിക്കുന്നതിന് അവശേഷിക്കുന്നുണ്ട്.

| ക്രമ നം | അക്കൗണ്ട് ഹെഡ് | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 340100101 | Contractor's Earnest Money Deposit | 24393 |
| 2 | 340100102 | Supplier's Earnest Money | 113967 |
| 3 | 340100103 | Bidder's Earnest Money Deposit | 42800 |
| 4 | 340100201 | Contractor's Security Deposit | 18375 |

3)ബാലൻസ് ഷീറ്റ് ബി-9 പ്രകാരം Other Liabilities (ഹെഡ് കോഡ്-350800299) ഇനത്തിൽ 46338/- രൂപ നീക്കിയിരിപ്പുണ്ട്. മേൽ തുക സംബന്ധിച്ച വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( ഓഡിറ്റ് എൻക്വയറി നം- 21/21-21

തിയ്യതി-03.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 42883221 |
| വരവ് | 102034409 |
| ആകെ | 144917631 |
| ചെലവ് | 97526854 |
| നീക്കിയിരിപ്പ് | 47390777 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 20592282 | 20592282 | 18544767 | 2047515 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 1195034 | 1195034 | 1192334 | 2700 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 27352000 | 27352000 | 8615134 | 18736866** |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 8304777 | 8304777 | 2130331 | 6174446 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | PFMS | 0 | 6285000 | 6285000 | 1205628 | 5079372 |
| | TREASURY | 0 | 7157124 | 7157124 | 1433280 | 5723844 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | PFMS | 0 | 4315896 | 4315896 | 4014262 | 301634 |
| | TREASURY | 0 | 0 | 0 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് | | 678552 | 1361277 | 2039829 | 1155984 | 883845 |
| ടോട്ടൽ സാനിറ്റേഷൻ ക്യാംപയിൻ | | 3316920 | 84000 | 3400920 | 247155 | 3153765 |

| | | | | | |
|---|---|---|---|---|---|
| എസ്.എസ്.എ | 934256 | 31869 | 966125 | 0 | 966125 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഖരമാലിന്യ സംസ്കരണം- ഗ്രാന്റ് | 14130 | 0 | 14130 | 0 | 14130 |

**എ.സി.ആർ പ്രകാരം മെയിന്റനൻസ് ഗ്രാന്റ് റോഡ് ഇനത്തിൽ ലഭ്യമായ 27352000/- രൂപയിൽ 1689300/- രൂപ സ.ഉ(സാധാ)നം.1345/2022/ധന തിയ്യതി-26.02.2022 പ്രകാരം തിരികെ സർക്കാറിലേയ്ക്ക് മുതൽക്കൂട്ടിയിട്ടുണ്ട്. ആയത് സാംഖ്യ വെബ് എ.സി.ആറിൽ രേഖപ്പെടുത്തി ചെലവുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

## 1-5 മുൻ റിപ്പോർട്ടിലെ ഗൗരവമേറിയ പരാമർശങ്ങളിൽ നടപടികളില്ല

2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഗൗരവമേറിയ മിക്ക പരാമർശങ്ങളിലും തുടർ നടപടികൾ ഇല്ല. റിപ്പോർട്ടിലെ 1-6,1-7,1-8,1-9,1-10,1-15,1-17,1-19,1-24,1-25,1-26,1-27,1-29,1-30 എന്നീ ഖണ്ഡികകളുടെ കാര്യത്തിൽ, ബന്ധപ്പെട്ടവർക്ക് നോട്ടീസ് നല്കിയെന്നാണ് 16.5.22ന് സ്ഥാപനം ലഭ്യമാക്കിയ പ്രഥമമറുപടിയിൽ വ്യക്തമാക്കിയത് . 1.3.23 ലെ രണ്ടാം നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം ഈ പരാമർശങ്ങളുടെ നിലവിലെ അവസ്ഥ ആരാഞ്ഞതിൽ , മേല്പറഞ്ഞ നോട്ടീസുകൾക്ക് ആരും തന്നെ മറുപടി ലഭ്യമാക്കിയിട്ടില്ലെന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. റിപ്പോർട്ടിലെ ഖണ്ഡിക 1-6 മുതൽ 1-11വരെയുള്ള പരാമർശങ്ങൾ കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ലംഘനവും, കെട്ടിടനികുതി നിർണ്ണയത്തിലെ അപാകതകളും സംബന്ധിച്ചുള്ളതായിരുന്നു. കെട്ടിടനിർമ്മാണ ചട്ട ലംഘനങ്ങളുടെ കാര്യത്തിൽ ഉത്തരവാദികളായ അസി.എഞ്ചിനീയർ , ഓവർസിയർ, എൽ ബി എസ് എന്നിവരിൽ നിന്നും വിശദീകരണത്തിനായി നോട്ടീസ് അയച്ചതായാണ് മറുപടിൽ വ്യക്തമാക്കിയിരിക്കുന്നത്.ആദ്യത്തെ രണ്ട് പേരും സ്ഥാപനത്തിന്റെ തന്നെ ജീവനക്കാരായിരിക്കെ നോട്ടീസ് നല്കിയെന്നും അതിന് നാളിതുവരെ വ്ശദീകരണം ലഭിച്ചില്ലെന്നും, റിപ്പോർട്ടിന്മേൽ സ്ഥാപനം കാണിക്കുന്ന നിരുത്തരവാദിത്തം വ്യക്തമാക്കുന്നു.

റിപ്പോർട്ട് ഭരണസമിതി പരിഗണിക്കുന്നതിൽ നിയമത്തിൽ നിഷ്കർഷിക്കുന്ന നടപടികൾ സ്ഥാപനം സ്വീകരിച്ചിട്ടില്ല. 19.3.22ന് ലഭിച്ച റിപ്പോർട്ട് ഒരു മാസത്തിനകം ഭരണസമിതിയുടെ പ്രത്യേക യോഗം ചേർന്ന് ചർച്ച ചെയ്യണമെന്നിരിക്കെ ഭരണസമിതി റിപ്പോർട്ട് പരിഗണിച്ചിട്ട് പോലുമില്ല.ഒരു സാധാരണ യോഗത്തിൽ മറ്റ് അജണ്ടകൾക്കൊപ്പം റിപ്പോർട്ടിനുള്ള മറുപടി അംഗീകരിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്.

അപാകതകൾക്ക് സ്ഥാപനത്തിന്റെ വിശദീകരണം നല്കുന്നതിനൊപ്പം മേല്പറഞ്ഞ ഖണ്ഡികകൾക്കുൾപ്പെടെ ഉചിതമായ നടപടികൾ സ്വീകരിച്ച് അക്കാര്യം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.03.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16406 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 തെറ്റായി ഒക്യുപ്പൻസി നൽകിയ കെട്ടിടത്തിന്റെ ഒക്യുപ്പൻസി നാളിതുവരെ ക്യാൻസൽ ചെയ്തില്ല

കെ.പി.ബി.ആർ പാലിക്കാത്ത വാണിജ്യ കെട്ടിടത്തിന് ഓവർസിയർ സ്ഥല പരിശോധന നടത്തി അംഗീകാരം നൽകാമെന്ന് തെറ്റായി ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഒക്യുപ്പൻസിയും കെട്ടിട നമ്പറും നൽകിയ ശ്രീ.രാജീവൻ, കക്കോട്ടുമ്മൽ, വാണിമേൽ എന്നവരുടെ ഉടമസ്ഥതയിലുള്ളതും 22/18A

നമ്പർ നൽകിയതുമായ കെട്ടിടത്തിന്റെ ഒക്യൂപ്പൻസി ക്യാൻസൽ ചെയ്യുന്നതിനും അനധികൃത കെട്ടിടമായി കണക്കാക്കുന്നതിനും 2020-21വർഷ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 10 ൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ റിപ്പോർട്ട് ഇഷ്യൂ ചെയ്ത് ഒരു വർഷമായിട്ടും ഈ കെട്ടിടത്തെ അനധികൃത കെട്ടിടമാക്കി മാറ്റുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച് പഞ്ചായത്ത് എൽ.എസ്.ജി.ഡി അസി.എഞ്ചിനിയറോട് പഞ്ചായത്ത് ഓഡിറ്റ് പിരീഡ് വരെ വിശദീകരണം ചോദിച്ചിട്ടില്ല. ഓഡിറ്റിൽ ലഭ്യമാക്കിയ പ്രഥമ മറുപടിയിൽ പ്രസ്തുത ഓവർസിയർക്കും സെക്രട്ടറിയ്ക്കും വിശദീകരണത്തിന് കത്ത് നൽകിയിട്ടുണ്ട് എന്ന് പറയുന്നു. എന്നാൽ ഇത്തരമൊരു കത്തിന്റെ പകർപ്പ് ഓഡിറ്റ് വേളയിൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വസ്തുതാ വിരുദ്ധമായ മറുപടിയാണ് ഓഡിറ്റിന് ലഭ്യമാക്കിയിരിക്കുന്നത്. ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തെറ്റായി ഒക്യൂപ്പൻസി നൽകാൻ ശിപാർശ ചെയ്ത ഓവർസിയർ ശ്രീമതി.റെനിഷ.കെ.വി, പഞ്ചായത്തിൽ 10-03-2022 ൽ തപാൽ നം 3466 പ്രകാരം ഒക്യൂപ്പൻസി റദ്ദ് ചെയ്യുന്നതിനായി നേരിട്ട് കത്ത് നൽകിയതായി കാണുന്നു. എൽ.എസ്.ജി.ഡി അസി.എഞ്ചിനിയറുടെ ഓഫീസിൽ നിന്നുണ്ടായ ഈ അപാകതയ്ക്ക് അസി.എഞ്ചിനിയറിൽ നിന്നും വിശദീകരണം ലഭ്യമാക്കി കെട്ടിടം അനധികൃത കെട്ടിടമാക്കി മാറ്റി അനധികൃത രജിസ്റ്ററിൽ കൊണ്ടു വരേണ്ടതും നാളിതുവരെ അനധികൃത നിർമ്മാണത്തിനെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-8 അനധികൃത നിർമ്മാണ ക്രമവൽക്കരണ അപേക്ഷാ ഫീസ് ഈടാക്കിയതിൽ കുറവ്

30-09-2021 തീയതിയിലെ B1/6969/21നമ്പർ തപാൽ പ്രകാരം ശ്രീമതി.ബിയ്യാത്തു, ശ്രീ. അബ്ദുള്ള ഹാജി, ഹാരിസ് മൻസിൽ (വീട്) എന്നിവരുടെ ഉടമസ്ഥതയിൽ നിർമ്മിച്ച 2230.63ച.മീറ്ററുള്ള അനധികൃത വാണിജ്യ കെട്ടിടം കേരള പഞ്ചായത്ത് രാജ് അനധികൃത നിർമ്മാണ ക്രമവൽക്കരണ ചട്ടം 2018പ്രകാരം ക്രമവൽക്കരിക്കുന്നതിനായി ഫോറം 1A യിൽ പഞ്ചായത്തിൽ അപേക്ഷ നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ നിന്നും കണ്ട അപാകതകൾ ചുവടെ കുടുക്കുന്നു.

1) കെട്ടിട നിമ്മാണ ക്രമവൽക്കരണ ചട്ടം 2018, ചട്ടം 4(V) പ്രകാരം അപേക്ഷ സ്വീകരിക്കുമ്പോൾ 1001 $M^2$ വരെ 7500/-രൂപയും 1001 $M^2$ ന് മുകളിലേയ്ക്കുള്ള ഓരോ ചതുരശ്ര മീറ്ററിനും 15/-രൂപ നിരക്കിലും ക്രമവൽക്കരണ അപേക്ഷാ ഫീസ് ഈടാക്കണം എന്ന് പറയുന്നുണ്ട്. ഇത് പ്രകാരം യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന അപേക്ഷാ ഫീസ് ചുവടെ കൊടുക്കുന്നു.

കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം - 2230.6 $M^2$

1001 $M^2$വരെയുള്ള നിർമ്മാണത്തിന് ഈടാക്കേണ്ട ഫീ =7500/-

1001 $M^2$ൽ അധികമുള്ള ഏരിയ = 1229.63 $M^2$

അധികമുള്ള 1229.63 $M^2$ ന് ഈടാക്കേണ്ട ഫീ = 1229.63 X 15 = 18445

ആകെ ഈടാക്കേണ്ട അപേക്ഷാ ഫീ= 7500+ 18445 = 25945/-

എന്നാൽ ക്രമവൽക്കരണ അപേക്ഷാ ഫയലിൽ 30-09-2021ന് സെക്രട്ടറി 2000/-രൂപ അപേക്ഷാ ഫീസ് ഈടാക്കുക എന്ന് നോട്ട് എഴുതിയതിന്റെ അടിസ്ഥാനത്തിൽ ആകെ 2000/-രൂപയാണ് അപേക്ഷാ ഫീയായി ഈടാക്കിയിരിക്കുന്നത്. അതായത് ക്രമവൽക്കരണ അപേക്ഷാ ഫീസ് ഈടാക്കിയതിൽ 23945/- രൂപ (25945-2000) കുറവുണ്ടായി.

2) പ്രസ്തുത കെട്ടിടത്തിലെ 10/1255മുതൽ 10/1267വരെ കെട്ടിട നമ്പർ ഉള്ളതും നികുതി ഈടാക്കി വരുന്നതുമായ ഭാഗം കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടത്തിയതിനാൽ അനധികൃത നിർമ്മാണമായി മാറി. എന്നാൽ ഈ നമ്പർ ഉള്ള കെട്ടിടത്തെ 2018 ലെ ക്രമവൽക്കരണ ചട്ടപ്രകാരം ക്രമവൽക്കരിക്കാൻ കഴിയാത്തതായി നോട്ടീസ് നൽകിയ സാഹചര്യത്തിൽ കെട്ടിടം മുഴുവനായി അനധികൃത കെട്ടിടമായി കണക്കാക്കി അനധികൃത കെട്ടിട നികുതി ഈടാക്കുകയോ അനധികൃത കെട്ടിട രജിസ്റ്ററിൽ കൊണ്ടുവരികയോ ചെയ്തിട്ടില്ല.

3) കേരള പഞ്ചായത്ത് രാജ് അനധികൃത നിർമ്മാണ ക്രമവൽക്കരണ ചട്ടം 2018ലെ ചട്ടം 9 പ്രകാരം ക്രമവൽക്കരണ അപേക്ഷ നിരസിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ വിശദീകരിക്കുന്നുണ്ട്. എന്നാൽ 10-05-2022 ന് നിരസിച്ച ഈ അപേക്ഷയിൽ ചട്ടം 9 പ്രകാരമുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (27/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. മതിയായ രേഖകൾ ലഭ്യമാക്കാനായി പഞ്ചായത്ത് നൽകിയ നോട്ടീസ് പ്രകാരം രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് കേരള പഞ്ചായത്ത് രാജ് അനധികൃത നിർമ്മാണ ക്രമവൽക്കരണ ചട്ടം 2018 ലെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഖണ്ഡികയിൽ പരാമർശിച്ച അപാകതകൾക്ക് ഓഡിറ്റ് നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-9 തരം മാറ്റിയ ഭൂമിയുടെ സൈറ്റ് പ്ലാനിൽ വ്യക്തതയില്ലാതെ വാണിജ്യ കെട്ടിടത്തിന് ഒക്യുപ്പൻസി അനുവദിച്ചു

ശ്രീ.സൂപ്പി, സൈനബ, ജസ്ന മൻസിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 22/304 മുതൽ 22/309വരെ കെട്ടിട നമ്പർ ഉള്ള വാണിജ്യ കെട്ടിടത്തിനോട് കൂട്ടിച്ചേർത്ത് നിർമ്മിച്ച കെട്ടിട ഭാഗം ഒക്യുപ്പൻസി അനുവദിക്കാനായി അപേക്ഷിച്ച A1/4861/21 Dtd 7-7-21 ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) കെട്ടിടം ഉൾപ്പെടുന്ന സ്ഥലം വടകര റവന്യൂ ഡിവിഷണൽ ഓഫീസറുടെ 9-10-2020ലെ എഫ്-1-444/2020 നമ്പർ ഉത്തരവ് പ്രകാരം വടകര താലൂക്കിൽ നാദാപുരം വില്ലേജിൽ നാദാപുരം ദേശത്ത് റി.സ 20/3 B യിൽപ്പെട്ട 3.41 ആർ സ്ഥലം തരം മാറ്റം നൽകി ഉത്തരവായതാണ്. എന്നാൽ ഇതോടൊപ്പം ലഭ്യമാക്കിയ ആർ.ഡി.ഒ അംഗീകാരം നൽകിയ സ്കെച്ചിൽ കെട്ടിടം നിൽക്കുന്നതായ സ്ഥലം രേഖപ്പെടുത്തിയതിൽ വ്യക്തതയില്ല. കംപ്ലീഷൻ പ്ലാനിൽ സമർപ്പിച്ച സൈറ്റ് അളവും ആർ.ഡി.ഒ അംഗീകാരം നൽകിയ സ്കെച്ചും തമ്മിൽ വ്യത്യാസം കാണുന്നു. എൽ.ബി.എസ് സമർപ്പിച്ച സൈറ്റ് പ്ലാനിൽ കെട്ടിടത്തിന് മുന്നിൽ 5മീറ്ററിലധികം വീതിയുള്ള റോഡ് കാണിച്ചിട്ടുണ്ട്. എന്നാൽ ആർ.ഡി.ഒ യിൽ നിന്നും ലഭ്യമായ സ്കെച്ചിൽ തരം മാറ്റിയ സൈറ്റിന് മുൻപിൽ റോഡ് കാണിച്ചിട്ടില്ല. കൂടാതെ സ്ഥല ഉടമയുടെ ആകെ ഭൂമിയിൽ തരം മാറ്റിയ ഭൂമിയുമായുള്ള അതിര് അളവുകൾ രേഖപ്പെടുത്താതെയാണ് സ്കെച്ച് ലഭ്യമാക്കിയിട്ടുള്ളത്. ഇതിനാൽ ആകെ ഭൂമിയിൽ എവിടെയാണ് തരം മാറ്റിയ ഭൂമി എന്ന് വ്യക്തമല്ല.

2) സൈറ്റ് പ്ലാൻ പ്രകാരം 3 കാർ പാർക്കിങ്ങ് കാണിച്ചിരിക്കുന്നത് തരം മാറ്റിയ ഭൂമിയ്ക്ക് പുറത്താണ് എന്നാണ് കാണുന്നത്.

3) ആകെ 408.77 $M^2$ ഉള്ള വാണിജ്യ കെട്ടിടത്തിന് ഒക്യുപ്പൻസി നൽകിയത് ഓവർസിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. 300 $M^2$ ൽ അധികമുള്ള നിർമ്മാണത്തിൽ അസി. എഞ്ചിനിയറുടെ സ്ഥല പരിശോധനാ റിപ്പോർട്ടില്ലാതെയാണ് സെക്രട്ടറി ഒക്യുപ്പൻസി നൽകിയിരിക്കുന്നത്. (പുതുതായി നമ്പർ നൽകിയത് 251.85 $M^2$ ഉം നിലവിലുള്ള കെട്ടിടം 156.92 $M^2$ ഉം ആണ്)

4) കെട്ടിടം ക്രമവൽക്കരിച്ചതിന്റെ ക്രമവൽക്കരണ ഫീസ് ഈടാക്കിയതിന്റെ വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് ലഭ്യമാക്കേണ്ടതാണ്.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (25/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. തരം മാറ്റിയ ഭൂമിയുടെ അളവുകൾ വ്യക്തമാവാതെ കെട്ടിടത്തിന് ഒക്യുപ്പൻസി നൽകിയതിന് മറുപടി ലഭ്യമാക്കേണ്ടതും കെട്ടിട നിർമ്മാണ ചട്ടപ്രകാരം സ്വീകരിക്കേണ്ട തുടർ നടപടികൾ സ്വീകരിച്ച് വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-10 റവന്യൂ രേഖകളിൽ തരം മാറ്റിയ വിവരം രേഖപ്പെടുത്താത്ത ഭൂമിയിൽ പെർമിറ്റ് അനുവദിച്ചു

ഫയൽ നം A1-108/2021 Dtd 4-1-21പ്രകാരമുള്ള ശ്രീ. റഷീദ് മുതൽപ്പേർ സമർപ്പിച്ച കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ പരിഗണിച്ച് 999.84 $M^2$ വിസ്തീർണ്ണം ഉള്ള വാണിജ്യ കെട്ടിടത്തിന് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പെർമിറ്റ് പ്രകാരം കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയ നാദാപുരം വില്ലേജിലെ റി.സ 58/30 ൽ പെട്ടതും നിലം വിഭാഗത്തിൽപ്പെട്ടതുമായ 0.01120 Hector(11.2Are) സ്ഥലം വടകര ആർ.ഡി.ഒ യുടെ 10-1-2020 ലെ എഫ് 1-2768/2019 നമ്പർ ഉത്തരവ് പ്രകാരം തരം മാറ്റിയിട്ടുണ്ട്. എന്നാൽ തരം മാറ്റി ഒരു വർഷം കഴിഞ്ഞ് സമർപ്പിച്ച കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷയിൽ ലഭ്യമാക്കിയ കൈവശ സർട്ടിഫിക്കറ്റിലും ഭൂനികുതി രസീതിലും ഭൂമിയുടെ തരം നിലം എന്ന് തന്നെയാണ്. ആർ.ഡി.ഒ യുടെ തരം മാറ്റിയ ഉത്തരവിലെ നിബന്ധന 4 പ്രകാരം 'സ്വഭാവ വ്യതിയാനം അനുവദിക്കപ്പെട്ട ഭൂമിയുടെ നികുതി പുനർ നിർണ്ണയിക്കുന്നതിനും റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നതിനുമുള്ള നടപടികൾ 2008ലെ നെൽ വയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 12(10),13 എന്നിവയിൽ നിഷ്കർഷിച്ച പ്രകാരം ബന്ധപ്പെട്ട തഹസിൽദാർ/വില്ലേജ് ഓഫീസർ സ്വീകരിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആർ.ഡി.ഒ യുടെ ഉത്തരവ് വന്ന് 11 മാസം കഴിഞ്ഞ് വില്ലേജിൽ നിന്നും അനുവദിച്ച കൈവശ സർട്ടിഫിക്കറ്റിലും ഭൂനികുതി രസീറ്റിലും ഭൂമിയുടെ തരം മാറ്റം വരുത്തിയിട്ടില്ല.

റവന്യൂ രേഖകളിൽ മാറ്റം വരുത്താതെ ഭൂമിയുടെ തരം നിലം വിഭാഗത്തിൽ സമർപ്പിച്ച രേഖകളുടെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതിന് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. റവന്യൂ രേഖകളിൽ മാറ്റം വരുത്തിയ കൈവശ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതും മാറ്റം വരുത്തിയ ഭൂമിയിൽത്തന്നെയാണ് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിരിക്കുന്നത് എന്ന് ഉറപ്പ് വരുത്തി വിശദ മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-11 ഒക്യൂപ്പൻസി നൽകി വസ്തു നികുതി ഈടാക്കിയ കെട്ടിടങ്ങൾ സഞ്ചയ ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ ഉൾപ്പെട്ടില്ല

പെർമിറ്റ് നം A2-BA (81509/2019) Dtd 5-2-2019 പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ച ശ്രീമതി.മുബ്സിറ മുതൽ പേരുടെ ഉടമസ്ഥതയിലുള്ള 1272 $M^2$ ഉള്ള വാണിജ്യ കെട്ടിടത്തിന് 10-2-21 ലെ A1-1660/2021 നമ്പർ അപേക്ഷ പ്രകാരം 1-6-21ന് ഓവർസിയർ സ്ഥല പരിശോധന നടത്തുകയും അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തി നൽകുകയും ചെയ്ത് 2021-22 ൽ ഒക്യുപൻസി അനുവദിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സഞ്ചയയിൽ 2021-22 ഒന്നാം അർദ്ധ വർഷം മുതൽ വസ്തു നികുതി അസസ് ചെയ്യുകയും നികുതി ഈടാക്കുകയും ചെയ്ത് 10/1177A, A1 To A27, 10/1177B, B1 To B27 വരെ കെട്ടിട നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സഞ്ചയയിൽ നികുതി പോസ്റ്റ് ചെയ്തത് പ്രകാരം 10/1177A,A1മുതൽ A27വരെയുള്ള കെട്ടിടങ്ങൾക്ക് 09-07-2021ലും, 10/1177 B, B1 നമ്പറുകൾക്ക് 31-3-22 ലും, 10/1177 B2 മുതൽ B8 വരെ കെട്ടിടങ്ങൾക്ക് 30-07-2021 ലും 10/1177 B9, B10 എന്നീ കെട്ടിടങ്ങൾക്ക് 14-2-22 ലും 10/1177 B11 മുതൽ B 27വരെ കെട്ടിടങ്ങൾക്ക് 22-03-2022 ലുമാണ് നികുതി അടവാക്കിയതായി കണുന്നത്. എന്നാൽ സഞ്ചയ ന്യൂ ബിൽഡിംഗ് രജിസ്റ്റർ 2021-22 പരിശോധിച്ചതിൽ നിന്നും സഞ്ചയയിൽ ഡാറ്റാ എൻട്രി ചെയ്ത് നികുതി ഈടാക്കി അത് പോസ്റ്റിംഗ് ചെയ്ത മേൽ പരാമർശിച്ച കെട്ടിടങ്ങളിൽ ആകെ 10/1177 B, 10/1177 B1 എന്നീ രണ്ട് കെട്ടിട നമ്പറുകൾ മാത്രമാണ് വന്നിട്ടുള്ളത് എന്ന് കാണുന്നു. സഞ്ചയ ന്യൂ ബിൽഡിംഗ് രജിസ്റ്റർ പ്രകാരം ഈ രണ്ട് കെട്ടിട നമ്പറുകൾ സെക്രട്ടറി ഡിജിറ്റൽ സൈൻ ചെയ്തത് 7-7-2021 നാണ്. കെട്ടിടത്തിന് നികുതി അസസ്സ് ചെയ്ത് ആകെ നൽകിയ 56കെട്ടിട നമ്പറുകൾക്ക് നികുതി ഈടാക്കിയിട്ടും സഞ്ചയയിൽ ആകെ 2 കെട്ടിടങ്ങൾ മാത്രം ഡിജിറ്റൽ സൈൻ ചെയ്തതിന് കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 24/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

സഞ്ചയ ന്യൂ ബിൽഡിംഗ് രജിസ്റ്റർ 2022-23പരിശോധിച്ചതിൽ 56ൽ 19 കെട്ടിടങ്ങൾക്ക് ഡിജിറ്റൽ സൈൻ ചെയ്തതായി കാണുന്നു. എന്നാൽ ബാക്കി 35 കെട്ടിട നമ്പറുകൾ ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ വരാത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ്. ഡിജിറ്റൽ സൈൻ ചെയ്യാതെ സഞ്ജയയിൽ ഡിമാന്റ്

വരാത്തതിനാൽ ഈ കെട്ടിടങ്ങളുടെ 2021-22 ലെയും 2022-23ലെയും ഈടാക്കിയ വസ്തു നികുതി ഈടാക്കിയത് യഥാർത്ഥ ഡിമാന്റ് ഇല്ലാതെയാണ് എന്ന് മനസിലാവുന്നു. ഈ അപാകത പരിശോധിയ്ക്കുന്നതിനും വ്യക്തത വരുത്തുന്നതിനും ഐ.കെ.എം ന് അറിയിപ്പ് നൽകേണ്ടതാണ്. ഇത് സംബന്ധിച്ച് ഐ.കെ.എം ൽ നിന്നും 07-07-2021 ൽ ഉണ്ടായിരുന്ന സെക്രട്ടറിയിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. ഡാറ്റാ എന്ട്രി ചെയ്ത കെട്ടിടങ്ങൾ സെക്രട്ടറി ഡിജിറ്റൽ സൈൻ ചെയ്തില്ലെങ്കിൽ പഞ്ചായത്തിന്റെ വസ്തു നികുതി ഡിമാന്റിൽ ഉൾപ്പെടുകയില്ല. ഡിമാന്റിൽ ഇല്ലാത്ത നികുതിയാണ് ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ ഉൾപ്പെടാത്ത മേൽ കെട്ടിടങ്ങലിൽ നിന്നും 2021-22, 2022-23 വർഷം ഈടാക്കി പോസ്റ്റ് ചെയ്തിരിക്കുന്നത്. ഇതിനാൽ ഇപ്രകാരം 2020-21 വർഷം മുതൽ പുതിയ കെട്ടിടങ്ങൾക്ക് സഞ്ചയയിൽ കെട്ടിട നമ്പർ നൽകിയപ്പോൾ ഡിജിറ്റൽ സൈൻ ചെയ്യാതെ നികുതി ഈടാക്കി പോസ്റ്റ് ചെയ്തിട്ടുണ്ടോ എന്ന് ഐ.കെ എം ന്റെ സഹായത്തോടെ മാന്വൽ ന്യൂ ബിൽഡിംഗ് രജിസ്റ്റർ ഉൾപ്പടെ ഉപയോഗപ്പെടുത്തി വിശദ പരിശോധന നടത്തുന്നതിന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണ സമിതിയും മേൽനോട്ടം വഹിക്കേണ്ടതും വിശദമായ റിപ്പോർട്ട് തയ്യാറാക്കി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

1-12 കെട്ടിട നിർമ്മാണ ചട്ടം പാലിയ്ക്കാത്ത വാണിജ്യ കെട്ടിടത്തിന് ഒക്യുപ്പൻസി അനുവദിച്ചു.

ഗ്രാമപഞ്ചായത്തിലെ 2021-22 വർഷം വേക്കൻസി റമിഷൻ അനുവദിച്ച വാണിജ്യ കെട്ടിടങ്ങളുടെ ഫയൽ പരിശോധനയുടെ ഭാഗമായി ശ്രീ.മെഹബൂബ് മുതൽ പേരുടെ ഉടമസ്ഥതയിലെ (കെട്ടിട നമ്പർ - 21/144 A, A1 മുതൽ A5 വരെയും, 21/144 B, B1 മുതൽ B5 വരെയും, 21/144 C, C1 മുതൽ C5 വരെയും, 21/144 D, D1 മുതൽ D5 വരെയും) 2900.39m$^2$ ഉള്ള കെട്ടിടത്തിൽ സ്ഥല പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ഈ വാണിജ്യ കെട്ടിടത്തിന് (2904 M$^2$) 20-09-2016 തീയതിയിൽ A2/4779/2016നമ്പർ ബിൽഡിഗ് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ഈ പെർമിറ്റ് 30-10-2019ൽ പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്. “2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം, ചട്ടം 38(6)പ്രകാരം തറ വിസ്തീർണ്ണത്തിന്റെ ആദ്യ 700ച.മീറ്റർ കവിഞ്ഞുള്ള ഓരോ 1000മീറ്ററിന് അല്ലെങ്കിൽ അതിന്റെ ഭാഗത്തിന് ഒന്ന് എന്ന തോതിൽ പ്ലോട്ടിനുള്ളിൽ തന്നെ ലോഡിംഗ്, അൺലോഡിംഗ് സ്ഥലങ്ങളും, ആയത് ഓരോന്നിനും 30 ച.മീറ്റർ എന്ന തോതിൽ വ്യവസ്ഥ ചെയ്യേണ്ടതാണ് ". ഇത് പ്രകാരം 2904 M$^2$ ഉള്ള ഈ വാണിജ്യ കെട്ടിടത്തിന് യഥാർത്ഥത്തിൽ 90 M2കയറ്റിറക്ക് സ്ഥലമായി പ്ലോട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ പെർമിറ്റ് ഫയൽ പരിശോധിച്ചതിൽ സംസ്ഥാന പാതയോട് ചേർന്നുള്ള ഈ കെട്ടിടം നിൽക്കുന്ന പ്ലോട്ടിലെ ഫ്രണ്ടേജിൽ ആകെ 60m$^2$ വിസ്തീർണ്ണമാണ് ലോഡിംഗ് അൺലോഡിംഗ് (60 M$^2$) ആയി കാണിച്ചിരിക്കുന്നത്.

2) ഈ കാണിച്ച 60 M$^2$ ഏരിയ ലഭ്യമാവുന്നത് വ്യക്തമാക്കുന്ന നീളവും വീതിയും പ്ലാനിൽ കാണിച്ചിട്ടില്ല.

3) പെർമിറ്റ് റിന്യൂ ചെയ്ത് നൽകിയപ്പോഴും ഈ അപാകത പരിശോധിച്ചിട്ടില്ല.

4) 12-2-2020ലെ തപാൽ നം A1-997/20 പ്രകാരം നൽകിയ കംപ്ലീഷൻ അപേക്ഷയിലെ പാർക്കിംഗ് പ്ലാനിലും ഫ്രണ്ടേജിൽ കാണിച്ച കയറ്റിറക്ക് സ്ഥലത്തിന് 60 M$^2$ ആണ് കാണിച്ചിരിക്കുന്നത്. കൂടാതെ കെട്ടിടത്തിന്റെ ഫ്രണ്ടേജിൽ മാത്രം കാണിച്ചിരിക്കുന്ന ടൂ വീലർ പാർക്കിഗ് എത്ര ഏരിയയിലാണ് എന്ന് വ്യക്തമാവുന്ന അളവുകൾ പ്ലാനിൽ കാണിച്ചിട്ടില്ല. പെർമിറ്റിൽ കയറ്റിറക്ക് കാണിച്ച സ്ഥലത്താണ് കംപ്ലീഷന് പ്ലാനിൽ ടൂ വീലർ പാർക്കിഗ് കാണിച്ചിരിക്കുന്നത് (ഇതിന് 101 M$^2$ ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു). കംപ്ലീഷൻ പ്ലാൻ പ്രകാരം വേറെ ഒരു സ്ഥലത്തും ടൂവീലർ പാർക്കിഗ് കാണിച്ചിട്ടില്ല. കെട്ടിടത്തിന് ചട്ടപ്രകാരം 100 M$^2$ വിസ്തീർണ്ണം ടൂവീലർ പാർക്കിഗിന് ആവശ്യമാണ്. ഇത് സ്ഥല പരിശോധന നടത്തിയ എൽ.എസ്.ജി.ഡി ഓവർസിയറും കൗണ്ടർസൈൻ ചെയ്ത അസിസ്റ്റന്റ് എഞ്ചിനിയറും പരിശോധിച്ചിട്ടില്ല.

5) പ്രസ്തുത നിർമ്മാണം എൽ.എസ്.ജി.ഡി ഓവർസിയറുടെ സാന്നിധ്യത്തിൽ 3.3.2023 ന് ഓഡിറ്റ് ടീം

സ്ഥല പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഓവർസിയർ സാക്ഷ്യപ്പെടുത്തി നൽകിയ സ്ഥല പരിശോധനാ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന് ഫ്രന്റേജിൽ ആകെ ലഭ്യമായ ഓപ്പൺ ഏരിയ 135.9 $M^2$ ആണ്. കംപ്ലീഷൻ പ്ലാൻ പ്രകാരം 14.7 Mtr ഉയരമുള്ള ഈ കെട്ടിടത്തിന് കുറഞ്ഞത് 4 Mtr ഫ്രന്റേജും 30.3m2 ഓപ്പൺ സ്പേസും ആവശ്യമാണ്. ഫ്രന്റേജിലെ ഓപ്പൺ സ്പേസിൽ കാണിച്ചിരിക്കുന്ന കയറ്റിറക്ക് സ്ഥലത്തിന് 90 $M^2$ഉം, ടൂ വീലർ പാർക്കിങ്ങിന് 100m2ഉം ആവശ്യമാണ്. അതായത് പ്ലാൻ പ്രകാരം 190 $M^2$ ഫ്രന്റേജ് ഓപ്പൺ ഏരിയയിൽ ആവശ്യമാണ് എന്ന് കാണാം. എന്നാൽ ആകെ ലഭ്യമായത് 135.9$m^2$ ഉം ആണ്.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/21-22)മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിട നിർമ്മാണ ചട്ടം പാലിക്കാതെ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടം സ്ഥല പരിശോധന നടത്തി ഒക്യുപ്പൻസി അനുവദിക്കാൻ റിപ്പോർട്ട് എഴുതിയ എൽ.എസ്.ജി.ഡി ഓവർസിയറിൽ നിന്നും ഇത് സാക്ഷ്യപ്പെടുത്തി നൽകിയ അസി.എഞ്ചിനിയറിൽ നിന്നും അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സ്ഥല പരിശോധന നടത്താതെ തന്നെ പ്ലാൻ പരിശോധിച്ചതിൽ നിന്നുമാത്രം ഇത്തരം അപാകതകൾ വ്യക്തമാവുമായിരുന്നിട്ടും ഇത് ശരിയായി പരിശോധിക്കുകയോ പെർമിറ്റ് നൽകിയതിലെ അപാകത പരിശോധിക്കുകയോ ചെയ്യാതെ നിരുത്തരവാദപരമായി ഇത്തരം വലിയ കെട്ടിടങ്ങളുടെ നിർമ്മാണ ഫയലുകൾ കൈകാര്യം ചെയ്യുന്നത് ഗുരുതര കൃത്യ വിലോപമായി ഓഡിറ്റ് കാണുന്നു. പ്ലാൻ തെറ്റായി സമർപ്പിച്ച എൽ.ബി.എസ്സിൽ നിന്നും പഞ്ചായത്ത് വിശദീകരണം ആവശ്യപ്പെടേണ്ടതും അപാകതയ്ക്ക് ചട്ടപ്രകാരം സ്വീകരിച്ച തുടർ നടപടികൾ വിശദമായി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാവുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള കർശന നിർദ്ദേശം പഞ്ചായത്ത് എൽ.എസ്.ജി.ഡി വിഭാഗത്തിന് നൽകേണ്ടതാണ്.
അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

1-13 ഒക്യുപ്പൻസി നൽകി വസ്തു നികുതി ഈടാക്കിയ കെട്ടിടങ്ങൾ സഞ്ചയ ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ ഉൾപ്പെട്ടില്ല

പെർമിറ്റ് നം A2-BA(81509/2019)dtd 5-2-2019പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ച ശ്രീമതി.മുബ്സിറ മുതൽ പേരുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടത്തിന് 10-2-21 ലെA1-1660/2021 നമ്പർ അപേക്ഷ പ്രകാരം 1-6-21 ന് ഓവർസിയർ സ്ഥല പരിശോധന നടത്തുകയും എ. ഇ സാക്ഷ്യപ്പെടുത്തി നൽകുകയും ചെയ്ത് 2021-22 ൽ ഒക്യുപ്പൻസി നൽകി സഞ്ചയയിൽ വസ്തു നികുതി അസസ് ചെയ്യുകയും നികുതി ഈടാക്കുകയും ചെയ്ത 10/1177 A, A1 To A27, 10/1177 B, B1 To B27 വരെ കെട്ടിട നമ്പർ അനുവദിച്ച കെട്ടിടം സഞ്ചയ ന്യൂ ബിൽഡിംഗ് രജിസ്റ്റർ2021-22ൽ ആകെ 10/1177 B, B1 എന്നീ നമ്പറുകളാണ് വന്നിട്ടുള്ളത്. ഇത് സെക്രട്ടറി ഡിജിറ്റൽ സൈൻ ചെയ്തത് 7-7-2021 നാണ്. ഈ സമയം ബാക്കി കെട്ടിട നമ്പറുകൾ ഡിജിറ്റൽ സൈൻ ചെയ്യാത്തതിന് മറുപടി ലഭ്യമാക്കാൻ ആ കാലയളവിലെ സെക്രട്ടറിയ്ക്ക് അറിയിപ്പ് നൽകേണ്ടതാണ്. ബാക്കി കെട്ടിടനമ്പറിൽ 19 കെട്ടിട നമ്പറുകൾ 2022-23 ന്യൂ ബിൽഡിഗ് രജിസ്റ്ററിൽ വന്നിട്ടുണ്ട്. എന്നാൽ ബാക്കി കെട്ടിട നമ്പറുകൾ ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ വരാത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ്. ഡിജിറ്റൽ സൈൻ ചെയ്യാതെ സഞ്ജയയിൽ ഡിമാന്റ് വരാത്തതിനാൽ ഈ കെട്ടിടങ്ങളുടെ 2021-22 ലെ നികുതി ഈടാക്കിയത് യഥാർത്ഥ ഡിമാന്റ് ഇല്ലാതെയാണ് എന്ന് മനസിലാവുന്നു. ഈ അപാകത പരിശോധിയ്ക്കുന്നതിനും വ്യക്തത വരുത്തുന്നതിനും ഐ.കെ.എം ന് അറിയിപ്പ് നൽകേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 24/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

1-14 വസ്തു നികുതി കണക്കാക്കിയതിലെ അപാകതകൾ

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം '3 ൽ 4 പ്രകാരം തക്കതായ കാരണങ്ങളാൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾക്ക്

പ്രത്യേക കെട്ടിട നമ്പർ നൽകിയിട്ടുണ്ടെങ്കിൽ ഓരോഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണ് എന്ന് പറയുന്നു. ചട്ടം '3 ൽ 5 ൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം 4ാം ചട്ടം (1)-ാം ഉപ ചട്ടത്തിൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിട ഭാഗത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നും പറയുന്നു. ചട്ടം 4ൽ 1ൽ ഉപയോഗ ക്രമത്തിനനുസരിച്ച് അടിസ്ഥാന വസ്തു നികുതി നിരക്ക് നിശ്ചയിക്കേണ്ടത് വിശദമാക്കുന്നുണ്ട്. ഇത് പ്രകാരം വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്ന ഗണത്തിൽപ്പെടുത്തിയാണ് ചുവടെ പട്ടികയിൽ പരാമർശിച്ച കെട്ടിടങ്ങൾക്ക് നികുതി നിരക്ക് കണക്കാക്കേണ്ടത്. കെട്ടിടത്തിന്റെ ഉപയോഗക്രമമനുസരിച്ച് കെട്ടിടത്തെ മുഴുവനായി കണക്കാക്കിയാണ് നികുതി നിരക്ക് കണക്കാക്കേണ്ടത്.

എന്നാൽ പഞ്ചായത്തിൽ 100ച.മീറ്ററിൽ കൂടുതലുള്ള വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി കണക്കാക്കുമ്പോൾ, കെട്ടിട ഉടമയുടെ ആവശ്യപ്രകാരം കെട്ടിടത്തെ 100 ച.മീറ്ററിൽ കുറവുള്ള ചെറിയ മുറികളായി കെട്ടിട നമ്പർ നൽകുകയും 100ച.മീറ്ററിൽ കുറവുള്ള കെട്ടിടത്തിന്റെ കുറഞ്ഞ നികുതി നിരക്ക് നൽകിയുമാണ് നികുതി കണക്കാക്കിവരുന്നത്. ഇത് ചട്ടം 4(1)ന് വിരുദ്ധമാണ്. യഥാർത്ഥത്തിൽ 100ച.മീറ്ററിൽ കൂടുതലുള്ള കെട്ടിടത്തിന് കെട്ടിട ഉടമ ആവശ്യപ്പെടുന്ന പ്രകാരം 100ച.മീറ്ററിൽ കുറവുള്ള ചെറിയ മുറികളായി നമ്പർ നൽകിയാലും ഉപയോഗ ക്രമമനുസരിച്ച് മാത്രം ചട്ടം 4(1) പ്രകാരം 100ച.മീറ്ററിൽ കൂടുതലുള്ള കെട്ടിടത്തിന് ബാധകമായ കൂടിയ നികുതി നിരക്ക് നൽകേണ്ടതാണ്. ഇപ്രകാരം ചെയ്യാത്തത് മൂലം വലിയ കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയിനത്തിൽ ഭീമമായ നഷ്ടം ഓരോ വർഷവും പഞ്ചായത്തിനുണ്ടാവുന്നു. വസ്തു നികുതി കണക്കാക്കിയതിൽ മേൽ പരാമർശിച്ച അപാകതയുള്ളതായി കണ്ടെത്തിയ കെട്ടിടങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ അടിസ്ഥാന വിവരം വിവരം | നികുതി കണക്കാക്കിയ വർഷം | നികുതി കണക്കാക്കിയതിലെ അപാകത |
|---|---|---|---|
| 1 | 2/592A<br>വിസ്തീർണ്ണം-503.3$m^2$<br>(ഗ്രൂപ്പ്-F)<br>പ്രാഥമിക മേഖല, 5മീറ്ററിൽ കുറവുള്ള റോഡ്,<br>(സെക്രട്ടറി, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി) , ഈടാക്കേണ്ട നികുതി നിരക്ക് -70/$M^2$ | 2021 ഒന്നാം അർദ്ധ വർഷം മുതൽ | പ്രാഥമിക മേഖലയിലെ കെട്ടിടം ദ്വിതീയ മേഖല എന്നാണ് സഞ്ചയയിൽ കൊടുത്തിരിക്കുന്നത് . ഇതിനാൽ 10% നികുതി ഇളവ് നൽകേണ്ടി വന്നു. |

| | | | |
|---|---|---|---|
| | | | |
| 2 | 18/348A1 To A4<br><br>വിസ്തീർണ്ണം -151.9m$^2$ (ഗ്രൂപ്പ്-F)<br><br>പ്രാഥമിക മേഖല, 5മീറ്ററിൽ കൂടുതലുള്ള റോഡ്, ഈടാക്കേണ്ട നികുതി നിരക്ക് -70/M$^2$, (വിജയൻ, തുണ്ടിയിൽ, പ്രസീത രമണീകത്തിൽ) | 2021 ഒന്നാം അർദ്ധ വർഷം മുതൽ | 100 M$^2$ ന് മുകളിലുള്ള കെട്ടിടത്തിന് 100m$^2$ ൽ താഴെയുള്ള വാണിജ്യ കെട്ടിടത്തിന്റെ നികുതി നിരക്ക് നൽകി (60/m$^2$) , കൂടാതെ 6mtr ഉള്ള PWD റോഡ് ആക്സസുള്ള കെട്ടിടത്തിന് 1.5mtr വഴിയാണ് നികുതി കണക്കാക്കാനെടുത്തത്. വഴിയുടെ അടിസ്ഥാനത്തിലെ 20% വർദ്ധന കണക്കാക്കിയില്ല. |
| 3 | 7/300A<br><br>വിസ്തീർണ്ണം -47.19m$^2$ (ഗ്രൂപ്പ്-F)<br><br>പ്രാഥമിക മേഖല, 5മീറ്ററിൽ കൂടുതലുള്ള റോഡ്, ഈടാക്കേണ്ട നികുതി നിരക്ക് -60/M$^2$, (സബീന,ഓലിയോട്ട്) | 2021 ഒന്നാം അർദ്ധ വർഷം മുതൽ | അപേക്ഷ പ്രകാരവും ഓവർസിയറുടെ റിപ്പോർട്ട് പ്രകാരവും F ഗണത്തിൽപ്പെടുന്ന കെട്ടിടത്തിന് വ്യാവസായിക കെട്ടിടത്തിന്റെ നികുതി (50/M$^2$) കണക്കാക്കി. |
| 4 | 18/81 A1, A2,<br><br>വിസ്തീർണ്ണം -38.83m$^2$ (ഗ്രൂപ്പ്-F)<br><br>പ്രാഥമിക മേഖല, 5മീറ്ററിൽ കൂടുതലുള്ള റോഡ്, ഈടാക്കേണ്ട നികുതി നിരക്ക് -60/M$^2$, (രാജീവൻ, കൊള്ളയന്റവിട) | 2021 ഒന്നാം അർദ്ധ വർഷം മുതൽ | പ്ലാൻ പ്രകാരം 5mtr ൽ അധികമുള്ള വഴിയുണ്ട്. എന്നാൽ 1.5mtr റോഡാണ് കാണിച്ചിരിക്കുന്നത്. വഴിയുടെ അടിസ്ഥാനത്തിലെ 20% വർദ്ധന കണക്കാക്കിയില്ല. |
| 5 | 22/761 A,A1to A11,B,B1 To B11<br><br>വിസ്തീർണ്ണം -473.24m$^2$ (ഗ്രൂപ്പ്-F)<br><br>പ്രാഥമിക മേഖല, 5മീറ്ററിൽ കൂടുതലുള്ള റോഡ്, ഈടാക്കേണ്ട നികുതി നിരക്ക് -70/M$^2$, (നാണു, ബാലൻ & ബാലകൃഷ്ണൻ വാഴയിൽ) | 2022 ഒന്നാം അർദ്ധ വർഷം മുതൽ | 100 M2 ന് മുകളിലുള്ള കെട്ടിടത്തിന് 100m2ൽ താഴെയുള്ള വാണിജ്യ കെട്ടിടത്തിന്റെ നികുതി നിരക്ക് (60/M$^2$) നൽകി. |

| | | | |
|---|---|---|---|
| 6 | 14/146 A To E<br>വിസ്തീർണ്ണം -108.57 $M^2$ (ഗ്രൂപ്പ്-F)<br>പ്രാഥമിക മേഖല, 5മീറ്ററിൽ കൂടുതലുള്ള റോഡ്, ഈടാക്കേണ്ട നികുതി നിരക്ക് -70/$M^2$, (ടി.സി.കുഞ്ഞമ്മദ് ഹാജി,കണേക്കൽ) | 2021 രണ്ടാം അർദ്ധ വർഷം മുതൽ | 100 $M^2$ ന് മുകളിലുള്ള ഈ കെട്ടിടത്തിന് 100m2ൽ താഴെയുള്ള വാണിജ്യ കെട്ടിടത്തിന്റെ നികുതി നിരക്ക് നൽകി, കൂടാതെ കെട്ടിടം ദ്വിതീയ മേഖലയിലും, 1.5mtrൽ അധികം വീതിയുള്ള വഴിയുമാണ് നികുതി കണക്കാക്കാനെടുത്തിരിക്കുന്നത്. |
| 7 | 10/228A1, A2,A3 . (10/228 B1, B2, B3 = 102.3 $M^2$)<br>വിസ്തീർണ്ണം -82.58 $M^2$ (ഗ്രൂപ്പ്-F)<br>പ്രാഥമിക മേഖല, 5മീറ്ററിൽ കൂടുതലുള്ള റോഡ്, ഈടാക്കേണ്ട നികുതി നിരക്ക് -70/M2, (കുഞ്ഞാലി, പറമ്പത്ത്,കല്ലാച്ചി) | 2021 ഒന്നാം അർദ്ധ വർഷം മുതൽ | കെട്ടിടത്തെ മുഴുവനായി കണക്കാക്കാതെ നികുതി കണക്കാക്കി. 100 $M^2$ ന് മുകളിലുള്ള കെട്ടിടത്തിന് 100$m^2$ൽ താഴെയുള്ള വാണിജ്യ കെട്ടിടത്തിന്റെ നികുതി നിരക്ക് നൽകി |
| 8 | 5/321A,A1,A2.<br>വിസ്തീർണ്ണം -36.11 M2 (ഗ്രൂപ്പ്-F)<br>പ്രാഥമിക മേഖല, 5മീറ്ററിൽ കൂടുതലുള്ള റോഡ്, ഈടാക്കേണ്ട നികുതി നിരക്ക് -60/M2, (സിറാജ്, പുത്തൻ പുരയിൽ) | 2019 ഒന്നാം അർദ്ധ വർഷം | പ്ലാൻ പ്രകാരം 5mtrൽ അധികമുള്ള വഴിയുണ്ട്. എന്നാൽ 1.5 Mtr റോഡാണ് കാണിച്ചിരിക്കുന്നത് |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിൽ പരാമർശിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി ഖണ്ഡികയിൽ പരാമർശിച്ച പ്രകാരം പരിഷ്കരിക്കേണ്ടതും നാളിതുവരെയുള്ള നഷ്ടം കെട്ടിട ഉടമകളിൽ നിന്നും ഈടാക്കേണ്ടതുമാണ്. കൂടാതെ 2022-23 സാമ്പത്തിക വർഷവും അതിന് മുൻപും വസ്തു നികുതി കണക്കാക്കി ഈടാക്കി വരുന്ന 100ച.മീറ്ററിൽ കൂടുതലുള്ള വാണിജ്യ കെട്ടിടങ്ങളെ മുഴുവൻ കണ്ടെത്തി നികുതി പരിഷ്കരിക്കേണ്ടതും ആയതിന്റെ വിശദവിവരം വർഷം തിരിച്ച് ഓഡിറ്റിന് ലഭ്യമാക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഓഡിറ്റ് നിർദ്ദേശം പാലിച്ച് ഖണ്ഡികകളിൽ പരാമർശിച്ച നഷ്ടം കണക്കാക്കി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-15 ഷോപ്പിംഗ് കോംപ്ലക്സ് വാടക പഞ്ചായത്തിൽ അംഗീകൃത ബൈലോ ഇല്ല.

നാദാപുരം പഞ്ചായത്ത് അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ വാടക കരാർ ചമയ്ക്കുന്നതിന് അടിസ്ഥാനപരമായി സൂക്ഷിക്കേണ്ട ബൈലോ സ്ഥാപനത്തിലില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ നിലവിൽ 65 വാടക മുറികളാണുള്ളത് . കൃത്യമായ മാനദണ്ഡങ്ങളൊന്നുമില്ലാതെ വർഷാവർഷങ്ങളിൽ 5% വാടക വർദ്ധനവ് വരുത്തിയാണ് റൂമുകൾ വാടകക്കാർക്ക് നൽകിപ്പോരുന്നത്. 2021-22 കാലയളവിലും റൂമുകൾക്ക് 5% വർദ്ധനവ് വരുത്തിയാണ് കരാർ പുതുക്കി നൽകിയിരിക്കുന്നത്. ഇതിൽ നിന്നും മനസ്സിലാവുന്നത് കൃത്യമായ ഒരു മാനദണ്ഡമില്ലാതെയാണ് പഞ്ചായത്ത് വാടക കരാർ നിശ്ചയിക്കുന്നതെന്നാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 256 പ്രകാരം ബൈലോകളുണ്ടാക്കാൻ അതാത് പഞ്ചായത്ത് ഭരണസമിതിക്ക് അധികാരമുണ്ട്. ഇത്തരത്തിലുണ്ടാക്കുന്ന ബൈലോകൾ പഞ്ചായത്ത് രാജ് ആക്ടിനും അതിനു കീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിരുദ്ധമാവരുത്. സ്ഥാപനങ്ങളിലെ ബൈലോകൾ പ്രകാരമാണ് വർഷാ വർഷ വാടക കരാർ പുതുക്കുന്നതും, വർദ്ധനവ് വരുത്തുന്നതും, വാടക പിരിവ്, കുടിശ്ശിക, ദുർബല വിഭാഗങ്ങൾക്ക് നിശ്ചിത ശതമാനം വാടക മുറികൾ സംവരണം ചെയ്യൽ, കൂട്ടിച്ചേർക്കലുകൾ, പിഴ ഈടാക്കൽ, ഒഴിപ്പിക്കൽ തുടങ്ങിയവ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങളും നടപടികളും പുറപ്പെടുവിക്കുന്നതും. കൃത്യമായ ബൈലോയുടെ അഭാവത്തിൽ പഞ്ചായത്ത് ജീവനക്കാർ ഏത് മാനദണ്ഡം അടിസ്ഥാനപ്പെടുത്തിയാണ് വാടക വർദ്ധനവ് വരുത്തുന്നതും, വീഴ്ചക്കെതിരെ നടപടികൾ സ്വീകരിക്കുന്നതെന്നും വ്യക്തമല്ല. 2020-21 ലെ ഓഡിറ്റ് റിപ്പോർട്ടിൽ വാടക കെട്ടിടങ്ങൾക്കായി കരട് ബൈലോ 24-10-2017ലെ 119(1) നമ്പർ പഞ്ചായത്ത് തീരുമാന പ്രകാരം അംഗീകാരം നൽകിയിട്ടുണ്ടെന്ന് അറിയിച്ചിരുന്നു. എന്നാൽ കരട് ബൈലോക്ക് ഓഡിറ്റ് കാലയളവ് വരെയും അംഗീകാരം ലഭ്യമാക്കിയിട്ടില്ലെന്നും കരട് ബൈലോ അംഗീകാരത്തിനായി ഡി.ഡി.പി യ്ക്ക് അയച്ചു നൽകിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ലെന്നും ഓഡിറ്റ് ചൂണ്ടികാകാണിച്ചിരുന്നു. എന്നാൽ

ഇത് സംബന്ധിച്ച് യാതൊരു തുടർനടപടികളും പിന്നീട് സ്ഥാപനത്തിന്റെ ഭാഗത്ത് ഉണ്ടായിട്ടില്ലെന്നത് ഗുരുതരമായ വീഴ്ചയായാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടിയായി ഫയൽ നം.362/03 ലുള്ള 2003ൽ സർക്കാരിലേക്കയച്ച ബൈലോ ഭേദഗതിയുടെ കോപ്പി ഹാജരാക്കിയിരുന്നു, എന്നാൽ നാളിതുവരെയായി മേൽ ബൈലോ സർക്കാർ അംഗീകരിച്ചതായി കാണുന്നില്ല. കാലികമായി മാറ്റങ്ങൾ വരുത്തി ബൈലോ ഭേദഗതി വരുത്തേണ്ടതും അടിയന്തിര പ്രാധാന്യത്തോടെ ബൈലോക്ക് അംഗീകാരം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-16 ഭൂജല പര്യാവേഷണത്തിന് തുക നൽകിയത്-ചില പദ്ധതികൾ ഉപേക്ഷിക്കപ്പെട്ടു

ഓഡിറ്റ് വർഷത്തിൽ അംഗീകാരം വാങ്ങിയ 13 കുടിവെള്ള കിണർ നിർമ്മാണ പ്രൊജക്റ്റുകളുടെ ഭാഗമായി ജലലഭ്യത ഉറപ്പുവരുത്തുന്നതിന് പര്യവേഷണം നടത്താൻ താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം തനത് ഫണ്ടിൽ നിന്നും ആകെ 23220/-രൂപ ഭൂജലവകുപ്പ് കോഴിക്കോട് ജില്ലാ കാര്യാലയത്തിന് നല്കിയിട്ടുണ്ട്.

| ക്രമ നം | വൗച്ചർ നം | തുക | പദ്ധതികൾ |
|---|---|---|---|
| 1 | 22100753/1.11.21 | 9675( 1935x5) | പ്രൊ നം -120 മീത്തലെ പുത്തൻ പുരയിൽ കുടിവെള്ള പദ്ധതി കിണർ നിർമ്മാണം |
| | | | പ്രൊ നം -123 അമ്പലത്തുതാഴ വയൽ കുടിവെള്ള പദ്ധതി പുനരുദ്ധാരണം |
| | | | പ്രൊ നം -138 കുന്നമ്മൽ കുടിവെള്ള പദ്ധതി കിണർ,ടാങ്ക് നിർമ്മാണം |
| | | | പ്രൊ നം -178വേട്ടുവം കോട്ട കുടിവെള്ള പദ്ധതി കിണർ നിർമ്മാണവും പൈപ്പ് കണക്ഷൻ നീട്ടലും |
| | | | പ്രൊ നം -185 ഒതയോത്ത് കുടിവെള്ള പദ്ധതി കിണർ നിർമ്മാണം |
| 2 | 22100823/16.11.21 | 13545 ( 1935x7) | പ്രൊ നം -116 ചാമക്കാലിൽ പൊതു കിണർ റിപ്പയർ |
| | | | പ്രൊ നം -117 തട്ടാന്റവിട മാവിലപ്പടി കിണർ റിപ്പയർ |
| | | | പ്രൊ നം -118 ചിയ്യൂർ സ്കൂൾ പരിസരം പൊതു കിണർ റിപ്പയർ |
| | | | പ്രൊ നം -131 കഴക്കോത്തറ പൊതു കിണർ റിപ്പയർ |
| | | | പ്രൊ നം -133 തട്ടാൻ കുന്നമ്മൽ പൊതു കിണർ റിപ്പയർ |

| | |
|---|---|
| | പ്രൊ നം -135 പടിഞ്ഞാറെ തയ്യുള്ളതിൽ മീത്തൽ കിണർ റിപ്പയർ |
| | പ്രൊ നം -136 മഞ്ചാമ്പാറ കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി |

ഭൂജലവകുപ്പിന്റെ പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ നാലു പദ്ധതികൾ ഉപേക്ഷിച്ചതായും അഞ്ചെണ്ണം പൂർത്തീകരിച്ചതായും മൂന്നെണ്ണം നിലവിൽ നിർവ്വഹണം നടക്കുന്നുവെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ 10പദ്ധതികളുടെ വകുപ്പിന്റെ പരിശോധനാറിപ്പോർട്ടും ലഭ്യമാക്കിയിട്ടുണ്ട്. ഉപേക്ഷിക്കപ്പെട്ട നാല് പദ്ധതികൾക്ക് വിനിയോഗിച്ച 7740/-രൂപ പാഴായെന്ന് മറുപടി വ്യക്തമാക്കുന്നു.ഇത് അംഗീകരിക്കാവുന്നതല്ല. പദ്ധതികൾ ഉപേക്ഷിക്കാനുള്ള കാരണങ്ങൾ വ്യക്തമാക്കാത്തതിനാൽ ചെലവു തുക 7740/-രൂപ തടസ്സപ്പെടുത്തുന്നു. കൂടാതെ രണ്ട് പദ്ധതികളുടെ പരിശോധനാ റിപ്പോർട്ടു കൂടി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-17 ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിൽ ലഭിച്ചില്ല

അസി.എഞ്ചിനീയർ നടപ്പാക്കുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടികളിൽ ടെണ്ടർ ഫീസ് ആയി കരാറുകാർ അടക്കുന്ന തുക ഓഡിറ്റ് വർഷത്തിലും പഞ്ചായത്തിന് ലഭിക്കാതെ എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് പോയിട്ടുള്ളത്. 22-23വർഷത്തിൽ പഞ്ചായത്ത് അസി.എഞ്ചിനീയറുടെ പേരിൽ ഇതിനായി ബാങ്ക് അക്കൗണ്ട് ആരംഭിച്ച് നടപ്പു വർഷത്തെ ടെണ്ടർ ഫീസുകൾ ലഭ്യമാകുന്ന സംവിധാനം ഒരുക്കിയിട്ടുണ്ടെങ്കിലും, ഇ-ടെണ്ടർ ആരംഭിച്ച 2015-16 വർഷം മുതൽ 2021-22 വർഷം വരെ ഈയിനത്തിലെ തുക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് പോയിട്ടുള്ളത്. ഈ തുക ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരവും, നാളിതു വരെ ഈയിനത്തിൽ എത്ര തുക പഞ്ചായത്തിന് ലഭിക്കാനുണ്ടെന്ന വർഷം തിരിച്ച വിവരവും പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ടെണ്ടർ ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുക ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-18 അഗതി രഹിത കേരളം പദ്ധതി - മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ ലഭിച്ചു എന്ന് ഉറപ്പുവരുത്തിയില്ല

ഗ്രാമപഞ്ചായത്തിൽ അഗതികളുടെ പുനരധിവാസത്തിനായി അഗതി രഹിതകേരളം പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ഇതുവരെ ഈ പദ്ധതിയിൽ ചെലവഴിച്ച തുകയുടെയും,ഭൗതിക നേട്ടത്തിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സേവന പാക്കേജിലെ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | ഭക്ഷണം | 84 | 1764000 | 879855 |
| 2 | വീട് | 13 | 5600000 | 0 |
| 3 | വീട് റിപ്പയറിങ്ങ് | 39 | 5850000 | 200000 |
| 4 | ഭൂമി | 1 | 0 | 0 |
| 5 | കുടിവെള്ളം | 1 | 20000 | 0 |
| 6 | കക്കൂസ് | 7 | 30800 | 0 |
| 7 | വിദ്യാഭ്യാസം | 5 | 12000 | 0 |
| 8 | ചികിത്സ | 74 | 766188 | 0 |

| | | | | |
|---|---|---|---|---|
| 9 | വസ്ത്രം | 33 | 10800 | 0 |

ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ചത് 2019-20 സാമ്പത്തിക വർഷത്തിലാണ്. ഇതിൽ ആകെ 84 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിരിക്കുന്നത്. മേൽ സൂചിപ്പിച്ച വിവരങ്ങളിൽ നിന്നും അഗതികളുടെ അടിസ്ഥാന ആവശ്യങ്ങളിൽ മിക്കവയ്ക്കും തുക ചെലവഴിച്ചിട്ടില്ലെന്ന് കാണാം. ഭവന നിർമ്മാണത്തിന് ആനുകൂല്യം ലഭിക്കാൻ അർഹതയുള്ള 13 ഗുണഭോക്താക്കൾ പദ്ധതിയിൽ ഉണ്ടായിട്ടും ഇവരാരും തന്നെ ലൈഫ് ഭവന പദ്ധതിയുടെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഇതിൽ നിരവധി ഗുണഭോക്താക്കൾ മരണപ്പെട്ടുപോയിട്ടുണ്ട്. ചാലഞ്ച് ഫണ്ടായി 1296314 രൂപ ലഭിക്കുകയുണ്ടായി. പ്രധാനമായും ഭക്ഷണ വിതരണത്തിനാണ് ഈ തുക വിനിയോഗിച്ചിരിക്കുന്നത്.

മുൻ വർഷങ്ങളിലെ ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കാത്ത ഗുണഭോക്താക്കൾ ഈ പദ്ധതിയിൽ ഉൽപ്പെട്ടിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ആശ്രയ പദ്ധതിയുടെ നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിന് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി കുടുംബശ്രീ വിലയിരുത്തൽ സമിതിയിൽ ഒരു ഉപസമിതി രൂപീകരിക്കേണ്ടതാണ്.എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഈ കമ്മിറ്റി രൂപീകരിച്ചിട്ടില്ല. പദ്ധതി കാലയളവായി മൂന്നുവർഷമാണ് കണക്കാക്കിയിരിക്കുന്നത്. കാലയളവ് കഴിഞ്ഞിട്ടും മിക്ക ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭിക്കാത്ത അവസ്ഥയാണുള്ളത്. അഗതി രഹിത കേരളം പദ്ധതിയുടെ നിർവ്വഹണത്തിലെ വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/21-22/3.3.23) മറുപടി സമർപ്പിച്ചിട്ടില്ല. അഗതി രഹിത കേരളം പദ്ധതിയിലെ മുഴവൻ ഗുണഭോക്താക്കൾക്കും സേവന പാക്കേജിൽ പരാമർശിച്ചിരിക്കുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-19 തെങ്ങിന് ജൈവവളം നൽകൽ പദ്ധതിയിൽ കയറ്റിറക്ക് കൂലിയിനത്തിൽ ഭീമമായ ചെലവ്

തെങ്ങിന് ജൈവവളം നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പ്രോജക്ട് നം. | 34/22 |
| അടങ്കൽ | 1246223/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 1246223/- |
| ബിൽനം. തി. | 557/22/1.11.22 |

മത്സ്യഫെഡിൽ നിന്നും ഫിഷ് മീൽ വാങ്ങി കർഷകർക്ക് വിതരണം ചെയ്യുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. മത്സ്യഫെഡിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ടാണ് ഫിഷ് മീൽ വാങ്ങിയത്. ഇതിന്റെ കയറ്റിറക്ക് കൂലിയായി 46283 രൂപ ചെലവഴിച്ചിട്ടുണ്ട്. കൃഷിഭവൻ നാദാപുരം മത്സ്യമാർക്കറ്റിന്റെ മുകളിൽ പ്രവർത്തിക്കുന്നതിനാൽ ഓഫീസിലേക്ക് വളം എത്തിക്കുന്നതിനായാണ് ഇത്രയും തുക ചെലവഴിച്ചിരിക്കുന്നത്. മുൻ വർഷങ്ങളിലും ഇത്തരത്തിൽ വിവിധ പദ്ധതികളുടെ കയറ്റിറക്ക് കൂലിയിനത്തിൽ വലിയ തുക ചെലവഴിച്ചിട്ടുണ്ട്. ഇതിന് സ്ഥായിയായ പരിഹാരം കണ്ടെത്തുന്നതിന്

കൃഷി ഓഫീസ് സൗകര്യപ്രദമായ മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/22/3.3.23) നൽകിയ മറുപടിയിൽ വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും 2022-23 പദ്ധതി വർഷത്തെ വളവും, നടീൽ വസ്തുക്കളും വാർഡുകളിലാണ് ഇറക്കിയതെന്നും ഇതിന് കയറ്റിറക്ക് കൂലിയിനത്തിൽ ചെലവു വന്നിട്ടില്ലെന്നും കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. ഭാവിയിൽ കാർഷിക മേഖലയിൽ വളം നൽകുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ കയറ്റിറക്ക് കൂലിയിനത്തിൽ ഭീമമായ തുക ചെലവഴിക്കാൻ സാധ്യതയുണ്ട്. ഇത് പരിഹരിക്കുന്നതിനായി കൃഷി ഓഫീസ് കെട്ടിടം സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-20 പശ്ചാത്തല മേഖല - തൻവർഷ പദ്ധതികളിൽ സർക്കാർ ഗ്രാന്റുകളുടെ വിനിയോഗം തുച്ഛം

2021-22 വർഷത്തിൽ ആകെ 5,44,96,746/-രൂപ അടങ്കലിൽ 110പദ്ധതികളാണ് അസി.എഞ്ചിനീയർക്ക് നിർവ്വഹണത്തിനായി വിഭാവനം ചെയ്തിരുന്നത്. ഇതിൽ 44.84% ചെലവ് മാത്രമാണ് ഉണ്ടായത്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ വിവിധ ഫണ്ടിനങ്ങളും അവയുടെ ചെലവ് വിശദാംശവും ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | അടങ്കൽ തുക | ചെലവ് തുക | സ്പിൽഓവർ പദ്ധതി | | |
|---|---|---|---|---|---|
| | | | അടങ്കൽ | ചെലവ് | ചെലവ് % |
| വികസനഫണ്ട് ജനറൽ | 116027 | -- | -- | -- | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 11160228 | 3463158 | -- | -- | |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 2195435 | 163155 | 2073515 | 163155 | 100% |
| തനതുഫണ്ട് | 18586056 | 10943242 | 2206000 | 1135902 | 10.38% |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 700000 | 141931 | 200000 | 141931 | 100% |
| ജില്ലാപഞ്ചായത്ത് വിഹിതം | 2500000 | 807360 | 1000000 | -- | -- |
| സംരക്ഷണഗ്രാന്റ് റോഡ് | 10459000 | 8615134 | 3533896 | 3437458 | 39.9% |
| സംരക്ഷണഗ്രാന്റ് റോഡിതരം | 6217000 | 300000 | 1781000 | 300000 | 100% |
| മറ്റുള്ളവ | 2563000 | -- | 2563000 | -- | -- |
| ആകെ | 54496746 | 24433980 | 13357411 | 5178446 | 21.19% |

മുകളിൽ കൊടുത്ത പട്ടിക പരിശോധിച്ചാൽ തനതുഫണ്ടൊഴികെ മറ്റു ഫണ്ടുകളുടെ കാര്യത്തിൽ ചെലവഴിച്ച തുക ഭൂരിഭാഗവും സ്പിൽഓവർ പദ്ധതികൾക്കാണെന്ന് കാണാം. അസി.എഞ്ചിനീയറുടെ ചെലവു വിശദാംശം ഐ.കെ.എം. പത്രികയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ മേൽ കണക്കുകൾക്ക് പുറമേ 2019-20 വർഷത്തിൽ ബഹുവർഷ പദ്ധതികളായി ആരംഭിച്ചും,

20-21വർഷത്തിൽ പൂർത്തീകരിച്ചതുമായ 21 ഓളം പദ്ധതികളുടെ ബാക്കി തുക നൽകൽ എന്ന പേരിൽ പുതിയ പദ്ധതികൾ രൂപീകരിച്ച് 21-22 വർഷത്തിൽ തുക നൽകിയതായി കാണുന്നു. ഈ പദ്ധതികളുടെ വിശദാംശം പരിശോധിച്ചപ്പോൾ 2019-20വർഷത്തിൽ ഇവയെല്ലാം കരാർ ചമച്ചെങ്കിലും നിർവ്വഹണം/ചെലവു നടന്നിട്ടില്ല. തുടർവർഷത്തിൽ മുൻവർഷത്തെ ചെലവഴിക്കാത്ത തുകയടക്കം അടങ്കൽ ഉൾപ്പെടുത്തേണ്ടതിനു പകരം പല പദ്ധതികൾക്കും 20-21വർഷത്തെ അടങ്കൽ മാത്രം ഉൾപ്പെടുത്തുകയും ഈ പ്രവൃത്തികൾ പൂർത്തീകരിച്ചപ്പോൾ തുക നൽകാൻ സാധിക്കാത്ത അവസ്ഥ സംജാതമാവുകയും ചെയ്തു. മറ്റു ചില പദ്ധതികൾ തുടർവർഷത്തിൽ ഉൾപ്പെടുത്താതെ നിർവ്വഹണം നടത്തുകയും വാർഷിക പദ്ധതിയിൽ ഉൾപ്പെടാതിരുന്നതിനാൽ ചെലവു നടത്താൻ സാധിക്കാതെ വരികയും പിന്നീട് 2021-22 വർഷത്തിൽ തുക അനുവദിക്കാനായി പുതിയ പദ്ധതി രൂപീകരിക്കുകയും ചെയ്തു. ഇത്തരത്തിൽ തുക നൽകാനാണ് ഓഡിറ്റ് വർഷം 21 പ്രത്യേക പദ്ധതികൾ രൂപീകരിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയത്. ഇപ്രകാരം ഓഡിറ്റ് വർഷം ചെലവു ചെയ്ത ഫണ്ടിനത്തിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2593000 | 2584863 |
| തനതുഫണ്ട് | 896903 | 491752 |
| ആകെ | 3489903 | 3076615 |

ഈ പട്ടിക പ്രകാരം തൻവർഷം ചെലവഴിച്ച ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ 74.64% തുകയും ഇത്തരത്തിൽ മുൻവർഷം ചെലവഴിക്കേണ്ടിയിരുന്ന തുക നൽകുന്നതിനാണ് വിനിയോഗിച്ചതെന്ന് കാണാം. മേൽ കണക്കുകൾ പ്രകാരം തൻവർഷ പദ്ധതികൾക്കായുള്ള വിവിധ സർക്കാർ ഗ്രാന്റുകളുടെ വിനിയോഗം താഴെ ചേർക്കും പ്രകാരമാണെന്ന്.

| ഫണ്ടിനം | 2021-22ലെ ആകെ | | തൻവർഷ പദ്ധതികളുടെ | |
|---|---|---|---|---|
| | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് |
| വികസനഫണ്ട് ജനറൽ | 116027 | -- | -- | -- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 11160228 | 3463158 | 8567228 | 878295 |
| സംരക്ഷണഗ്രാന്റ് റോഡ് | 10459000 | 8615134 | 6925104 | 5177676 |
| സംരക്ഷണഗ്രാന്റ് റോഡിതരം | 6217000 | 300000 | 4436000 | – |
| ആകെ | | | 1,99,28,332 | 60,55,971 |

അതായത് തൻവർഷ പദ്ധതികൾക്കായി (പുതിയ പദ്ധതികൾ) ആകെ 1,99,28,332/-രൂപ വിവിധ സർക്കാർ ഗ്രാന്റുകൾ വകയിരുത്തിയതിൽ 30% തുക മാത്രമാണ് വിനിയോഗിച്ചത്. പശ്ചാത്തല മേഖലയിൽ തൻവർഷത്തെ പദ്ധതികൾക്കായി വിനിയോഗിച്ച തനതുഫണ്ട് തുക 93,15,588/-രൂപയാണ്. തനതുഫണ്ട് വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നത് സ്വാഗതാർഹമാണെങ്കിലും, സർക്കാർ ഗ്രാന്റുകളുടെ സമയബന്ധിതമായ വിനിയോഗമില്ലായ്മ ഈ ഗ്രാന്റുകളുടെ നഷ്ടപ്പെടലിന് കാരണമാകുന്നു. പഞ്ചായത്തിന് ഓഡിറ്റ് വർഷം ലഭിച്ച

സംരക്ഷണഗ്രാന്റുകൾ(റോഡ്, റോഡിതരം)ചെലവഴിക്കാതെ യഥാക്രമം 18,43,866/-, 61,74,446/-രൂപയും, വികസനഫണ്ട് 2047515/-രൂപയും നഷ്ടപ്പെടുന്ന അവസ്ഥയുണ്ടായിട്ടുണ്ട്.

മേൽ വിവരിച്ച വിധം ഓഡിറ്റ് വർഷം പുതുതായി വിഭാവനം ചെയ്ത പദ്ധതികളിൽ തുച്ഛമായ ചെലവു മാത്രമുണ്ടാകാനുള്ള കാരണവും, ഇതു മൂലം സർക്കാർ ഗ്രാന്റുകൾ നഷ്ടപ്പെടുത്തിയതിന്റെ കാരണവും വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ഓരോ വർഷവും ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നിർവ്വഹണം നടത്തേണ്ടതും, മുകളിൽ വിവരിച്ച വിധം സർക്കാർ ഗ്രാന്റുകൾ നഷ്ടപ്പെടുത്തുന്ന സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതുമാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 അംഗൻവാടി കെട്ടിടം അപകടാവസ്ഥയിൽ-കരാറുകാരനെതിരെ നടപടി സ്വീകരിച്ചില്ല.

15-ാം വാർഡിലെ കക്കംവള്ളി അംഗൻവാടി (C No.188 ) 2018 നവംമ്പർ 14 ന് ഉദ്ഘാടനം കഴിഞ്ഞതാണെന്നും നിർമ്മാണ തകരാർ കാരണം ചുമരിൽ വിള്ളൽ വീണ് ഈ കെട്ടിടത്തിന്റെ അപകടാവസ്ഥ പരിഹരിക്കുന്നതിന് നിരവധി തവണ വർക്കിംഗ് ഗ്രൂപ്പിലും, വികസന സെമിനാറിലും,ഗ്രാമസഭകളിലും പഞ്ചായത്ത് ഫ്രണ്ടോഫീസ് മുഖാന്തിരവുംഅപേക്ഷ സമർപ്പിച്ചുവെങ്കിലും ഇതുവരെ ഒരു പരിഹാര നടപടിയും ഉണ്ടായിട്ടില്ലെന്നും,കോവിഡ് 19 കാരണം 2 വർഷം പ്രവർത്തിക്കാത്ത അങ്കണ വാടികൾ 2022 ഫിബ്രവരി 14 മുതൽ തുറന്ന് പ്രവർത്തിച്ച സാഹചര്യത്തിൽ രക്ഷിതാക്കൾ ആശങ്ക കാരണം കുട്ടികളെ അങ്കണവാടിയിലേക്ക് അയക്കുന്നില്ലെന്നും, ആയതിന് നടപടികൾ സ്വീകരിക്കണമെന്നുമുള്ള ICDS സൂപ്പർവൈസറുടെ അപേക്ഷ 3.3.22ലെ ഭരണസമിതിയോഗത്തിൽ ചർച്ച ചെയ്തു കാണുന്നു.കൂടാതെ ഇക്കാര്യം പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ അസിസ്റ്റൻറ് എഞ്ചിനീയറെ ചുമതലപ്പെടുത്താനും 23(13)നമ്പറായി തീരുമാനിച്ചിട്ടുമുണ്ട്. മേൽ തീരുമാനം കൈക്കൊള്ളുന്നതിന് മാസങ്ങൾക്ക് മുമ്പ് ഈ അംഗൻവാടി ഉൾപ്പടെ 15-ാം വാർഡിലെ 2 അങ്കണവാടികളുടെ കെട്ടിടനിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് കെട്ടിടനിർമ്മാണത്തിലെ അപാകത സംബന്ധിച്ച് കാരണം കാണിക്കൽ നോട്ടീസ് നല്കുന്നതിന് 29.7.21ലെ 2(11)/2021 നമ്പർ തീരുമാനപ്രകാരം അസി.എഞ്ചിനീയറെ ചുതലപ്പെടുത്തിയിട്ടുണ്ട്. മേല്പറഞ്ഞതിൽ കക്കംവള്ളി അംഗൻവാടി നിലവിൽ ഉപയോഗിക്കുന്നില്ലെന്നും അടുത്തുള്ള സ്കൂളിൽ പരിമിതമായ സൌകര്യത്തിലാണ് പ്രവർത്തിക്കുന്നതെന്നും ഇത് പ്രവർത്തിക്കുന്ന പ്രദേശം യഥാർത്ഥ കെട്ടിടത്തിൽ നിന്നും അകലെയായതിനാൽ കുട്ടികൾ കൊഴിഞ്ഞു പോയിട്ടുണ്ടെന്നും സൂപ്പർവൈസർ വ്യക്തമാക്കിയിട്ടുണ്ട്. 2018-19 വർഷത്തിൽ പുതുതായി നിർമ്മിച്ച കെട്ടിടങ്ങൾ മാസങ്ങൾക്കുള്ളിൽ തന്നെ ഉപയോഗപ്പെടുത്താൻ കഴിയാത്ത വിധം കേടുപാടു സംഭവിച്ചിരിക്കെ കരാുകാരനെതിരെ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാനാവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും ഉടൻ നടപടികൾ സ്വീകരിച്ച് അംഗൻവാടി ഉപയോഗപ്പെടുത്തേണ്ടതുമാണ്.

## 1-22 കരാർ ചമച്ച് ഒന്നര/രണ്ട് വർഷത്തോളം പ്രവൃത്തി ആരംഭിച്ചില്ല – പൂർത്തീകരണ കാലതാമസത്തിന നിയമാനുസൃത പിഴ ഈടാക്കിയില്ല

ഓഡിറ്റ് വർഷം അസി.എഞ്ചിനീയർ ചെലവു നടത്തിയ താഴെ ചേർക്കുന്ന പദ്ധതികൾ നിർവ്വഹണം ആരംഭിക്കുന്നതിനും, പൂർത്തീകരിക്കുന്നതിനും കാലതാമസം ഉണ്ടായിട്ടും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

I. പ്രോജക്ട് നം:- 128/22, സി.പി. മുക്ക് ചാലിൽ മുക്ക് റോഡ് ടാറിംഗ് ബാക്കി തുക നൽകൽ

അടങ്കൽ :- 2,93,760/-ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് :- 2,93,760/-ബിൽ നം.158/15.2.22

പ്രവൃത്തിയുടെ ബാക്കി തുക നൽകൽ എന്ന പേരിൽ രൂപീകരിച്ച ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ 2019-20വർഷത്തിൽ പ്രോജക്ട് നമ്പർ 37/20ആയി രൂപീകരിച്ച ബഹുവർഷ പദ്ധതിയാണിതെന്ന് വ്യക്തമാകുന്നു. 2.10.19 ന് സാങ്കേതികാനുമതി ലഭിച്ച ഈ പദ്ധതിയ്ക്കായി 25.11.19ന് കരാർ ചമച്ചു. സാങ്കേതികാനുമതി പ്രകാരം ആറു മാസത്തിൽ പൂർത്തീകരിക്കേണ്ട ഈ പ്രവൃത്തിയുടെ അളവു പുസ്തകം 425/17.1.21 പ്രകാരം പ്രവൃത്തി ആരംഭിക്കുന്നത് 2.2.21നാണ്. അതായത് കരാർ ചമച്ച് ഏകദേശം ഒന്നര വർഷത്തോളം കഴിഞ്ഞ്. ഈ പ്രവൃത്തിയുടെ നിർവ്വഹണം ആരംഭിക്കുന്ന 2020-21 വർഷത്തിൽ ഈ പദ്ധതി പ്രസ്തുത വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. പിന്നീട് പ്രവൃത്തി പൂർത്തീകരിച്ച ശേഷം (17.2.21 ന്) 2021-22 വർഷത്തിൽ തുക നൽകാനായി പ്രോജക്ട് രൂപീകരിക്കുകയും ബിൽ തുക കരാറുകാരന് അനുവദിക്കുകയും ചെയ്തു. എന്നാൽ ബിൽ തുക അനുവദിച്ചപ്പോൾ പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല.

II. പ്രോജക്ട് നം:- 156/22, കണ്ണോത്ത് ഓലക്കോടൻകണ്ടി റോഡ് ടാറിംഗ്

അടങ്കൽ :- 2,00,000/-തനതുഫണ്ട്

ചെലവ് :- 1,93,980/-ബിൽ നം. 279/25.3.22

ഈ പ്രവൃത്തിയും 2019-20 വർഷത്തിൽ രൂപീകരിച്ചതാണ്. കരാർ നമ്പർ 111/19-20/30.3.20പ്രകാരം നാദാപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘത്തെ പ്രവൃത്തി ഏൽപ്പിച്ചു. അളവു പുസ്തകം 756/22 പ്രകാരം പ്രവൃത്തി ആരംഭിക്കുന്നത് 18.2.22നും, പൂർത്തീകരിക്കുന്നത് 28.2.22 നുമാണ്. പ്രവൃത്തി ഏൽപ്പിച്ച് രണ്ട് വർഷത്തോളം പ്രവൃത്തി ആരംഭിക്കാതിരുന്നതിന് സംഘത്തിനെതിരെ നടപടികളൊന്നും സ്വീകരിക്കുകയോ, ബിൽ തുക നൽകിയപ്പോൾ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

പ്രവൃത്തി ഏൽപ്പിച്ച് ഒന്നര/രണ്ട് വർഷത്തോളം പ്രവൃത്തി ആരംഭിക്കാതിരുന്നതിന്റെയും, പ്രവൃത്തി ആരംഭിക്കാതിരുന്ന കാലയളവിൽ കരാറുകാർക്കെതിരെ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെയും കാരണവും, ഈ സാഹചര്യത്തിലും ബിൽ തുക അനുവദിച്ചപ്പോൾ പിഴ ഈടാക്കാതിരുന്നതും വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, കരാറുകാരിൽ നിന്ന് പിഴ ഈടാക്കി അറിയിക്കേണ്ടതുമാണ്.

1-23 പദ്ധതി ആസൂത്രണ നിർവ്വഹണത്തിൽ സുതാര്യതയില്ല – വേർതിരിച്ചറിയാത്ത വിധം പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുന്നു

2021-22 വർഷത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ പല പദ്ധതികളും വേർതിരിച്ചറിയാത്ത വിധം ഒരേ പേരിൽ(റോഡ്) ഒന്നിലധികവും, മുൻവർഷങ്ങളിൽ നിർവ്വഹണം നടത്തിയതിന് തുക നൽകലിനും മറ്റുമായി രൂപീകരിച്ച് തുക ചെലവഴിച്ചതായി കാണുന്നു. ചില ഉദാഹരണം ചുവടെ കൊടുക്കുന്നു.

1. ഒമ്പതുകണ്ടം പള്ളി പിലാക്കണ്ടി റോഡ്:- ഓഡിറ്റ് വർഷം ഈ പേരിൽ പ്രോജക്ട് നമ്പർ 101/22ആയി 5,00,000/-രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് അടങ്കലിൽ ഒരു പ്രവൃത്തിയുണ്ട്. ഈ പ്രവൃത്തിഫയൽ പരിശോധിച്ചതിൽ സാങ്കേതികാനുമതി പത്രിക പ്രകാരം 2020-21വർഷത്തിൽ പ്രോജക്ട് നം. 87/21 ആയി 4,95,000/-രൂപ സംരക്ഷണഗ്രാന്റ് റോഡ് അടങ്കലിൽ രൂപീകരിച്ച പദ്ധതിയാണെന്ന് മനസ്സിലാകുന്നു. എന്നാൽ 2020-21വർഷത്തെ ഐ.കെ.എം. അന്തിമ ചെലവു പത്രികയിൽ ഈ പദ്ധതിയില്ല. എന്നാൽ പ്രോ.നം.142/21 ആയി ഇതേ പേരിൽ 5,00,000/-രൂപ തനതുഫണ്ട് വകയിരുത്തി അതേ തുക ചെലവും ചെയ്ത രീതിയിൽ മറ്റൊരു പദ്ധതിയുണ്ട്. ഈ പദ്ധതി 2019-20വർഷത്തിൽ 9,00,000/- രൂപ അടങ്കലിൽ രൂപീകരിച്ച ബഹുവർഷ പദ്ധതിയാണ്(അടങ്കൽ 19-20-400000/-, 20-21 -500000/-). എന്നാൽ ഈ പദ്ധതിയുടെ സാങ്കേതികാനുമതി പത്രികയിൽ 5ലക്ഷം രൂപയ്ക്കാണ് ടി.എസ്. ലഭിച്ചതായി കാണുന്നത്. ഈ പദ്ധതിയ്ക്ക് 2019-20 വർഷത്തിൽ ചെലവില്ലാതിരുന്നിട്ടും, 2020-21വർഷത്തിൽ അടങ്കൽ തുക 9 ലക്ഷം എന്ന് ഉൾപ്പെടാതെ 5,00,000/-മാത്രമാണ് ഉൾപ്പെടുത്തിയത്. ഈ തുക തൻവർഷം വിനിയോഗിക്കുകയും ചെയ്തു.

2020-21വർഷത്തിൽ രൂപീകരിച്ചതും, ആ വർഷത്തെ അന്തിമ പദ്ധതിയിൽ നിന്ന് ഒഴിവായിപ്പോയതും എന്നാൽ നിർവ്വഹണം നടത്തിയതുമായ പ്രവൃത്തിയുടെ തുക നൽകുന്നതിനാണ് മേൽ വിവരിച്ച പ്രകാരം ഓഡിറ്റ് വർഷത്തിൽ പദ്ധതി രൂപീകരിച്ചത് (പ്രോ.നം101/22).

2. സി.പി.മുക്ക് ചാലിൽ റോഡ്:- ഓഡിറ്റ് വർഷം ഈ പേരിൽ പ്രോജക്ട് നമ്പർ 128/22ആയി 2,93,760/-രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് അടങ്കലിലും, അതേ തുക ചെലവുമുള്ള ഒരു പ്രവൃത്തിയുണ്ട്. ഈ പദ്ധതി ഫയൽ പരിശോധിച്ചതിൽ 2019-20വർഷത്തിൽ 3 ലക്ഷം രൂപ അടങ്കലിൽ (2019-20 -1,00,000/-, 2020-21 -2,00,000/-)രൂപീകരിച്ച ബഹുവർഷ പദ്ധതിയാണിതെന്ന് വ്യക്തമാകുന്നു. 2019-20 ൽ കരാർ ചമച്ചെങ്കിലും പ്രവൃത്തി നിർവ്വഹണം ആരംഭിക്കുന്നത് 2021ഫെബ്രുവരി മാസത്തിലാണ്. എന്നാൽ പ്രവൃത്തി നിർവ്വഹണ സമയം ഈ പദ്ധതി 2020-21വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ പ്രോജക്ട് നമ്പർ 76/21 ആയി ഇതേ പേരിൽ മറ്റൊരു പദ്ധതി ഈ വർഷത്തിൽ 3 ലക്ഷം രൂപ സംരക്ഷണഗ്രാന്റ് അടങ്കലിൽ ഉൾപ്പെട്ടതായും ഇതിനായി 2,64,824/-രൂപ ചെലവഴിച്ചതായും കാണുന്നു.

യഥാർത്ഥത്തിൽ 2019-20വർഷത്തിൽ രൂപീകരിച്ചതും എന്നാൽ ആ വർഷം നിർവ്വഹണം നടത്താതെ തുടർവർഷത്തിൽ നിർവ്വഹണം നടത്തുകയും, ആ വർഷത്തെ അന്തിമ പദ്ധതിയിൽ ഉൾപ്പെടുത്താൻ വിട്ടു പോയതിനാൽ 2021-22 വർഷത്തിൽ പ്രവൃത്തിയുടെ തുക നൽകുന്നതിനുമായാണ് ഈ പദ്ധതി രൂപീകരിച്ചത് (പ്രോ.നം128/22).

മെയിന്റനൻസ് പ്രവൃത്തികളുടെ കാര്യത്തിൽ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ എപ്രകാരം തയ്യാറാക്കണമെന്നും എന്തെല്ലാം വിശദാംശങ്ങൾ അതിൽ അടങ്ങിയിരിക്കണമെന്നും 2012 ലെ പുതുക്കിയ PWD മാന്വലിൽ സെക്ഷൻ 2601 മുതലുള്ള ഭാഗത്ത് വിശദമാക്കിയിട്ടുണ്ട്. റോഡുകളുടെ ആകെ നീളവും എവിടെ ആരംഭിക്കുന്നെന്നും അവസാനിക്കുന്നെന്നുമുള്ള വിവരങ്ങൾ, അറ്റകുറ്റപ്പണിയാണെങ്കിൽ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിന്റെ നിലവിലെ അവസ്ഥ, പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിൽ സമീപകാലത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം, മറ്റ് സ്ഥാപനങ്ങൾ (ഉദാ: ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ) നടത്തിയ പ്രവൃത്തികളുടെ വിവരം മുതലായ വിവരങ്ങൾ ഇതിൽ ഉൾപ്പെടേണ്ടതുണ്ട്. എന്നാൽ മേൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ പരിശോധിച്ചാൽ ഇതേ റോഡിൽ ഒരേ സമയം/മുൻവർഷം മറ്റു പദ്ധതികൾ നടപ്പാക്കിയ വിവരങ്ങളൊന്നും പരാമർശിച്ചിട്ടില്ല. മേൽ വിവരിച്ച വിധമുള്ള അപാകതകൾ സംഭവിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-24 പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി - കുടുംബ സംഗമം നടത്താത്തതും മറ്റ് അപാകതകളും

ഗ്രാമപഞ്ചായത്തിലെ പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ |
| പ്രോജക്ട് നം. | 26/22 |
| അടങ്കൽ | 556000 |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 556000 |

| ബിൽനം. തി. | 5/21-22/3.2.22 |
|---|---|

ഗ്രാമപഞ്ചായത്തിൽ നിരവധി വർഷങ്ങളായി പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി നടന്നുവരുന്നുണ്ട്. പാലിയേറ്റീവ് നോമിനൽ രജിസ്റ്റർ പ്രകാരം 1000 രോഗികളുണ്ട്. കിടപ്പുരോഗികളായ 450 പേരാണുള്ളത്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പരിശീലനം ലഭിച്ച ഒരു നേഴ്സിന്റെ സേവനം മാത്രമേ ലഭിക്കുന്നുള്ളൂ. ഇതിനാൽ മുഴുവൻ രോഗികൾക്കും സമയ ബന്ധിതമായി സേവനം നൽകാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. ഈ പദ്ധതിക്ക് വകയിരുത്തുന്ന തുക കുറവായതു കാരണം പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നുണ്ട്. വർഷങ്ങളായി കിടപ്പിലായ രോഗികളുടെ മാനസികവും ശാരീരികവുമായ ഉല്ലാസത്തിനായി ഈ രോഗികളുടെ ഒരു സംഗമം സംഘടിപ്പിക്കേണ്ടതാണ്. (സ.ഉ (സാധാ) നം.553/2019/തസ്വഭവ.തി.7.3.2019 ഉത്തരവ് കാണുക) എന്നാൽ ഇത്തരത്തിലൊരു സംഗമം നടത്താൻ കഴിഞ്ഞിട്ടില്ല. രോഗികളുടെയും കുടുംബാംഗങ്ങളുടെയും ഒത്തുചേരലിനും മാനസികോല്ലാസത്തിനും സഹായകമാകേണ്ട ഇത്തരം പരിപാടികൾ നടത്തുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്ന പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി മൂന്ന് മാസം കൂടുമ്പോഴാണ് ഇപ്പോൾ യോഗം ചേർന്ന് വരുന്നത്. ഇത് ശരിയായ നടപടിയല്ല. പി.എം.സി.യോഗങ്ങൾ രണ്ട് മാസത്തിലൊരിക്കൽ ചേരുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പാലിയേറ്റീവ് കെയർ രോഗികൾക്ക് ആവശ്യമായ തൊഴിൽ പരിശീലനവും തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ പ്രവർത്തനങ്ങളും ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ശ്രമിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/ 21-22/ 3.3.23) ആശുപത്രി സൂപ്രണ്ട് സമർപ്പിച്ച മറുപടിയിൽ ഹോംകെയറിനായി ഒരു യൂണിറ്റുകൂടി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെന്നും പി.എം.സി മീറ്റിങ്ങുകൾ സമയബന്ധിതമായി ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മുഴുവൻ കിടപ്പുരോഗികൾക്കും സമയബന്ധിതമായി സേവനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്ന കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-25 ഫിറ്റ്നെസ് ഇല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടി പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിൽ ആകെ 31 അങ്കണവാടികളാണുള്ളത്. ഇതിൽ 25 അങ്കണവാടികൾക്ക് മാത്രമേ സ്വന്തമായി കെട്ടിടമുള്ളൂ. ബാക്കിയുള്ളവ വാടക കെട്ടിടത്തിലും താല്ക്കാലിക ഷെഡ്ഡിലും മറ്റുമായാണ് പ്രവർത്തിക്കുന്നത്. 2021-22 പദ്ധതി വർഷം അങ്കണവാടികളുടെ കെട്ടിടം അസിസ്റ്റന്റ് എഞ്ചിനിയർ പരിശോധിച്ച് ഫിറ്റ്നെസ് നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഫിറ്റ്നെസ് ഇല്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിലെ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഫിറ്റ്നെസ് ഇല്ലാത്ത നാല് അങ്കണവാടി കെട്ടിടങ്ങൾ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ അങ്കണവാടികളുടെ ശോചനീയാവസ്ഥ സംബന്ധിച്ച് പരാമർശിച്ചിരുന്നു. എന്നാൽ ഇതു പരിഹരിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചു കാണുന്നില്ല. അപാകത വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/22/3.3.23) മറുപടി സമർപ്പിച്ചിട്ടില്ല. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സത്വര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-26 ലൈഫ് ഭവന പദ്ധതി (എസ്.സി) ഗുണഭോക്താവ് ഭവന നിർമ്മാണം ആരംഭിച്ചില്ല

പദ്ധതി വർഷം ലൈഫ് ഭവന പദ്ധതി (എസ്.സി) ക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണം | വി.ഇ.ഒ |
|---|---|

| | |
|---|---|
| പ്രൊ.നം | 11/22 |
| അടങ്കൽ | 4000000 |
| ഫണ്ട് | Dev Fund (Scp) |
| ചെലവ് | 587378 |
| ബിൽനം/തി. | 545/10.3.22 |

മേൽ സൂചിപ്പിച്ച പദ്ധതിയിൽ വീടിന്റെ തറ നിർമ്മാണത്തിന് 40000 രൂപ ആനുകൂല്യം കൈപ്പറ്റിയ ജിഷ്ണ W/o ശ്രീജിൽ പനയുള്ള പറമ്പത്ത്, ചേലക്കാട് എന്ന ഗുണഭോക്തവ് നാളിതുവരെ നിർമ്മാണം തുടങ്ങിയിട്ടില്ല. നിർമ്മാണം ആരംഭിക്കാതിരിക്കാനുള്ള കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/22/3.3.23) മറുപടി നൽകിയിട്ടില്ല. നിർമ്മാണം പൂർത്തിയാക്കാത്ത പക്ഷം നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-27 റിംഗ് കംപോസ്റ്റ് പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ

പദ്ധതി വർഷം മാലിന്യ സംസ്കരണ മേഖലയിൽ നടപ്പാക്കിയ രണ്ട് റിംഗ് കംപോസ്റ്റ് പദ്ധതികൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1.റിംഗ് കംപോസ്റ്റ് വിതരണം

| | |
|---|---|
| നിർവ്വഹണം | വി.ഇ.ഒ |
| പ്രൊ.നം | 239/22 |
| അടങ്കൽ | 2349108 |
| ഫണ്ട് | Cfc,Bc |
| ചെലവ് | 1392168 |
| ബിൽനം/തി. | 256/25.3.22 |

2.വീട്ടുകളിൽ റിംഗ് കംപോസ്റ്റ് അനുവദിക്കൽ

| | |
|---|---|
| നിർവ്വഹണം | വി.ഇ.ഒ |
| പ്രൊ.നം | 104/22 |
| അടങ്കൽ | 1764720 |

| | |
|---|---|
| ഫണ്ട് | Cfc, Bc |
| ചെലവ് | 45600 |
| ബിൽനം/തി. | 545/10.3.22 |

വീടുകളിലെ ജൈവ മലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഗുണഭോക്താക്കൾക്ക് റിംഗുകൾ വിതരണം ചെയ്യുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. പദ്ധതിയിലെ അപാകതകൾ ചുവടെ സൂചിപ്പിക്കുന്നു.

1. ഒരു പദ്ധതി നിർവ്വഹണം നടത്തുന്നതിന് ഒരേ സമയം രണ്ട് പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കി. ഒന്നിൽ നിന്ന് പദ്ധതി വിഹിതവും മറ്റൊന്നിൽ നിന്ന് ഗുണഭോക്തൃ വിഹിതവും നൽകി. ഒരു പദ്ധതിക്ക് രണ്ട് പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

2. പദ്ധതിയിൽ 678 പേർക്കാണ് റിംഗ് നൽകിയത് 90 ശതമാനം പദ്ധതി വിഹിതവും,10 ശതമാനം ഗുണഭോക്തൃ വിഹിതവും ഉൾപ്പെടെയാണ് പദ്ധതി പൂർത്തിയാക്കിയത്. ഗുണഭോകതൃ വിഹിതം പിരിച്ചെടുക്കാനുപയോഗിച്ച രശീതികളിൽ ഡേറ്റ് രേഖപ്പെടുത്തിയിട്ടില്ല മാത്രമല്ല രശീതികൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതെ രശീതി ബുക്കിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ് ചെയ്തിരിക്കുന്നത് അതുകൊണ്ട് തന്നെ ഗുണഭോക്താക്കളിൽ നിന്ന് യഥാർത്ഥിൽ എത്ര തുക വാങ്ങിയിട്ടുണ്ടെന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല.

3. പദ്ധതി ഇ ടെണ്ടർ മുഖേനയാണ് നടപ്പാക്കിയിരിക്കുന്നത്. ഇതിൽ കുറവ് 2280/- രൂപ രേഖപ്പെടുത്തിയ ശുദ്ധി വേസ്റ്റ് കൺവെൻഷൻ യൂണിറ്റ് വടകര എന്ന സ്ഥാപനമാണ് റിംഗുകൾ വിതരണം ചെയ്തിരിക്കുന്നത്. ഇതിനായി നൽകേണ്ടത് 1391256 (2052X678) രൂപയാണ്. എന്നാൽ നൽകിയത് 1392168 രൂപയാണ് ഇതുപ്രകാരം 912 രൂപ അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക തിരികേ ഈടാക്കേണ്ടതാണ്.

4. ഗുണഭോകതൃ വിഹിതമിനത്തിൽ ആകെ പിരിച്ചെടുത്തത് 154584 രൂപയാണ് എന്നാൽ ശുദ്ധി വേസ്റ്റിന് നൽകിയത് 45600 രൂപ മാത്രമാണ്. മുഴുവൻ തുകയും നൽകാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

5. സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ, മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/23/3.3.23) മറുപടി നൽകിയിട്ടില്ല. പദ്ധതിയുടെ നിർവ്വഹണത്തിൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കേണ്ടതും ഏജൻസിയ്ക്ക് അധികം നൽകിയ 912 രൂപ വി.ഇ.ഒ യിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതുമാണ്.

## 1-28 വിവിധ വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ

പദ്ധതി വർഷം വിവിധ വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |

| | |
|---|---|
| പ്രൊ.നം | 198/22 |
| അടങ്കൽ | 1319000 |
| ഫണ്ട് | Dev Fund ,Own |
| ചെലവ് | 898800 |
| ബിൽനം/തി. | 98/30.3.22 |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ 24 Watt ന്റെ 321 LED Automatic തെരുവ് വിളക്കുകൾ 2800 രൂപ നിരക്കിൽ സ്ഥാപിക്കുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. ഓപ്പൺ ടെണ്ടർ മുഖേന വാങ്ങൽ നടത്താനായിരുന്ന പ്രൊജക്ടിൽ നിർദ്ദേശിച്ചിരുന്നത്. എന്നാൽ പിന്നീട് പദ്ധതി റിവൈസ് ചെയ്ത് കെൽ(കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനിയറിംഗ് കമ്പനി) ൽ നിന്ന് നേരിട്ട് വാങ്ങുകയാണുണ്ടായത്. എന്നാൽ കെല്ലിന്റെ ചെറുകിട വ്യവസായ യൂണിറ്റുകളിൽ തന്നെയാണ് ബൾബ് നിർമ്മിച്ചതെന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ, പ്രൈസ് ലിസ്റ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാക്കിയതിനെ തുടർന്ന് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിരിക്കുന്നത്. പദ്ധതികൾ പൂർത്തിയാക്കിയാൽ ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റികളാണ് അതിന്റെ ഫലപ്രാപ്തി വിലയിരുത്തേണ്ടത്. എന്നാൽ പോസ്റ്റ് നമ്പർ ഉൾപ്പെടെ വിശദമായ മോണിറ്ററിംഗ് നടത്താതെ മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റ അടിസ്ഥാനത്തിൽ തുക അനുവദിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. മെമ്പർമാരുടെ സാക്ഷ്യപത്ര പ്രകാരം 314 ബൾബുകൾ സ്ഥാപിച്ചതായാണ് കാണുന്നത്. ഇതു പ്രകാരം 7 ബൾബുകളുടെ തുക അധികമായി കൊടുത്തിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/22/3.3.23) മറുപടി നൽകിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 898800/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

### 1-29 തെരുവ് വിളക്കിന് സ്ട്രീറ്റ് മെയിൻവലിക്കൽ - അപാകതകൾ

പദ്ധതി വർഷം തെരുവ് വിളക്കിന് സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രൊ.നം | 246/22 |
| അടങ്കൽ | 1098400 |
| ഫണ്ട് | Dev Fund ,Cfc |
| ചെലവ് | 1097200 |
| ബിൽനം/തി. | 304/27.3.22 |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് കെ.എസ്.ഇ.ബി നാദാപുരത്തിന്റെ സഹായത്തോടെ നടപ്പാക്കിയ പദ്ധതിയാണിത്. ഭരണ സമിതിയുടെ 61/19.3.21 നമ്പർ തീരുമാന പ്രകാരം നിലവിലുള്ള പരമ്പരാഗത തെരുവ് വിളക്കുകൾ മാറ്റി എൽ.ഇ.ഡി ആക്കി മാറ്റുന്നതിന് നിലാവ് പദ്ധതി നടപ്പാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിരുന്നു. ഇതിനെ തുടർന്ന് കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി 467 തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് ലിസ്റ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ പകുതിയിലധികം സ്ഥലത്ത് സ്ട്രീറ്റ് മെയിൻ ഇല്ലാത്തതിനാൽ പഞ്ചായത്ത് പദ്ധതിയിൽ നിന്ന് പിന്മാറുകയാണുണ്ടായത്. ഇതിനെ തുടർന്ന് 8 റോഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനാണ് ഈ പദ്ധതി നടപ്പാക്കിയത്. ബാക്കിയുള്ള റോഡുകളിൽ അടുത്ത വർഷം സ്ട്രീറ്റ് മെയിൻ വലിക്കാൻ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. കഴിഞ്ഞ മൂന്ന് വർഷങ്ങളായി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ സ്ട്രീറ്റ് ലൈറ്റ് പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രൊജക്ട് നം. | അടങ്കൽ | ചെലവ് | സ്ഥാപിച്ച ബൾബുകളുടെ എണ്ണം |
|---|---|---|---|---|
| 2018-19 | 226/19 | 1000000 | 998745 | 200 |
| 2020-21 | 241/21 | 600000 | 530000 | 320 |
| 2021-22 | 198/22 | 1319000 | 898800 | 471 |
| 2021-22 | 143/22 | 255000 | 253000 | 321 |

കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ മാത്രം ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ 1312 സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതായി മേൽ വിശദാംശങ്ങളിൽ നിന്ന് വ്യക്തമാണ്. എന്നാൽ പഞ്ചായത്തിലെ ഭൂരിഭാഗം വാർഡുകളിലും സ്ട്രീറ്റ് മെയിൻ വലിക്കാത്ത സാഹചര്യത്തിൽ ഈ ബൾബുകൾ എവിടെയൊക്കെ സ്ഥാപിച്ചു എന്നത് പരിശോധിക്കപ്പെടേണ്ടതാണ്. പൂർത്തിയാക്കിയ മിക്ക പദ്ധതികളിലും തുക അനുവദിച്ചിരിക്കുന്നത് വാർഡ് മെമ്പർമാരുടെ കത്തിന്റെ അടിസ്ഥാനത്തിലാണ്. ഏതൊക്കെ പോസ്റ്റുകളിൽ ബൾബ് സ്ഥാപിച്ചു എന്ന് തെളിയിക്കുന്നതിനാവശ്യമായ മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല തുക നൽകിയിരിക്കുന്നത്. പോസ്റ്റിന്റെ നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തിയ വിശദമായ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/22/3.3.23) മറുപടി നൽകിയിട്ടില്ല. മുൻവർഷത്തെ പദ്ധതികളിൽ സൂചിപ്പിച്ച മുഴുവൻ ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിന് വിശദമായ മോണിറ്ററിംഗ് നടത്തേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-30 ക്യൻസർ രോഗ നിർണ്ണയ ക്യാമ്പ് - അപാകതകൾ

ഗ്രാമപഞ്ചായത്തിൽ ക്യാൻസർ രോഗ നിർണ്ണയത്തിന് ക്യാമ്പ് നടത്തിയതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ |

| | |
|---|---|
| പ്രോജക്ട് നം. | 77/22 |
| അടങ്കൽ | 172735 |
| ഫണ്ട് | തനത് ഫണ്ട് |
| ചെലവ് | 172735 |
| ബിൽനം. തി. | 5/21-22/3.3.22 |

ക്യാമ്പിന്റെ മുന്നോടിയായി സർവ്വേ നടത്തുന്നതിനും ക്യാമ്പ് നടത്തിപ്പിനുമായാണ് തുക ചെലവഴിച്ചിരിക്കുന്നത്. എന്നാൽ ക്യാമ്പിൽ സ്ത്രീകളെ മാത്രമാണ് പങ്കെടുപ്പിച്ചത്. സർവ്വേ നടത്തിയിരിക്കുന്നത് സ്ത്രീകളുടെ ഇടയിൽ മാത്രമാണ്. സർവ്വേ നടത്തുന്നതിന് ഒരു വീടിന് അഞ്ച് രൂപ വീതം എന്യൂമറേറ്റർമാർക്ക് നൽകിയിട്ടുണ്ട്. 140 എന്യൂമറേറ്റർമാർക്ക് ട്രെയിനിംഗ്,സർവ്വേ പ്രതിഫലം എന്നീ ഇനങ്ങളിൽ 58140/- രൂപ ചെലവഴിച്ചിട്ടുണ്ട്. ക്യാൻസർ രോഗ നിർണ്ണയത്തിന്റെ കാര്യത്തിൽ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും സേവനം നൽകേണ്ടതിനു പകരം ഒരു വിഭാഗത്തിനു മാത്രമായി പരിമിതപ്പെടുത്തിയത് ശരിയായ നടപടിയല്ല. പദ്ധതി ആസൂത്രണത്തിലെ വീഴ്ചയാണ് ഇത് കാണിക്കുന്നത്. ക്യാമ്പിന്റെ അറ്റൻഡൻസ് രേഖകൾ,മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/ 21-22/ 3.3.23) മറുപടി നൽകിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 172735/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-31 കോടതിയലക്ഷ്യം മൂലം വക്കീൽ ഫീസിനത്തിൽ ചെലവ്

WP(c) 8912/2015 നമ്പർ കേസുമായി ബന്ധപ്പെട്ട് 2058/2058/2020നമ്പർ കോടതിയലക്ഷ്യ കേസിൽ ഹാജരായതിന് അഡ്വ. യു പി ബാലകൃഷ്ണന് 22100055/19.4.21 നമ്പർ വൌച്ചർ പ്രകാരം 15000/-രൂപ അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ സ്റ്റേഡിയം നിർമ്മിച്ച കരാറുകാരന് ബിൽ തുക നല്കാത്തതിനെ തുടർന്ന് പഞ്ചായത്തിനെതിരെ കരാറുകാരൻ ഫയൽ ചെയ്ത WP(c) 8912/2015 നമ്പർ കേസിൽ,ബിൽ തുകയായ 1538980/-രൂപ നല്കാൻ 18.9.19ന് ഹൈക്കോടതി വിധി പുറപ്പെടുവിച്ചതായിരുന്നു.എന്നാൽ കോടതി വിധി മാനിച്ചുകൊണ്ട് തുക നല്കാത്തതിനെ തുടർന്നാണ് കരാറുകാരൻ കോടതിയലക്ഷ്യത്തിന് കേസ് ഫയൽ ചെയ്തത് . കോടതി വിധി ലഭിച്ചിട്ടും തുക നല്കുകയോ , വിധിക്കെതിരെ അപ്പീൽ പോവുകയോ ചെയ്യാതെ ഇത്തരത്തിൽ കേസിനുള്ള സാധ്യത സൃഷ്ടിക്കുകയും വക്കീൽ ഫീസിനത്തിൽ തുക ചെലവഴിച്ചതും അംഗീകരിക്കാവുന്നതല്ല.വിധി വന്ന സമയത്ത് സ്യൂട്ടുകൾ കൈകാര്യം ചെയ്ത സെക്ഷൻ , സെക്ഷന്റെ മേൽനോട്ടം വഹിച്ച ജൂനിയർ സൂപ്രണ്ട്,സെക്രട്ടറി എന്നിവർ ഈ അനാവശ്യ ചെലവിന്റെ കാരണക്കാരാണെന്നു കാണാം. ഉടൻ നടപടി കൈക്കൊള്ളാതെ വരുന്ന ഇത്തരം കറന്റുകളിൽ പിന്നീട് ശ്രദ്ധ വരാൻ ഇടയാക്കുന്ന സ്യൂട്ട് രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതും അനാവശ്യ ചെലവിന് കാരണമായിട്ടുണ്ട്. പേരിന് വേണ്ടി മാത്രം സൂക്ഷിക്കുന്ന രജിസ്റ്ററിൽ കേസിന്റെ വിശദാംശങ്ങളൊന്നും തന്നെ രേഖപ്പെടുത്തുന്നില്ല. ഇക്കാര്യത്തിലും മേൽ ഉദ്യോഗസ്ഥർ കാരണക്കാരാണെന്നു കാണാം. അപാകതകൾക്ക് സ്ഥാപനത്തിന്റെ വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ചെലവുതുക 15000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക, കോടതിയലക്ഷ്യത്തിന് ആധാരമായ വിധി വന്ന കാലയളവിലെ, മേല്പറഞ്ഞ ഉത്തരവാദികളിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-32 അംഗൻ വാടികളുടെ വെള്ളക്കരം-കരമടക്കുന്നതിൽ കൃത്യതയില്ല

സ്ഥാപനത്തിന്റെ കീഴിലുള്ള വിവിധ അംഗൻവാടികളുടെ വെള്ളക്കരം അടവാക്കിയ ഇനത്തിൽ 220110104നമ്പർ ഹെഡ്ഡിൽ നിന്നും 48290/- രൂപ വിനിയോഗിച്ചിട്ടുണ്ട്. കുടിവെള്ളത്തിനായി ജല വകുപ്പിനെ ആശ്രയിക്കുന്ന അംഗൻവാടികൾ എത്രയെന്ന് സ്ഥാപനത്തിന്റെ രേഖകളിൽ നിന്നും വ്യക്തമല്ല. അംഗൻവാടി ടീച്ചർമാർ കരമടച്ച് ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് സ്ഥാപനം തുക അനുവദിക്കുകയും ഇക്കാര്യം കണ്ടിജന്റ് രജിസ്റ്ററിലെ ഒരു പേജിൽ തുടർച്ചയായി രേഖപ്പെടുത്തി വരികയുമാണ് ചെയ്യുന്നത്. ഇതു കൊണ്ടുതന്നെ എല്ലാ അംഗൻവാടികളും സമയാസമയങ്ങളിൽ കൃത്യമായി കരമടക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കപ്പെടുന്നില്ല. കൂടാതെ ഈ ഇനത്തിൽ പ്രതിവർഷം ആവശ്യമായ തുകയെത്രയെന്ന് കണ്ടെത്താനും സാധിക്കുന്നില്ല. വിവിധ അംഗൻവാടികളുടെ വിവിധ നിരക്കിലുള്ള കരമാണ് മേൽ ഹെഡ്ഡിൽ നിന്നും അടച്ചിരിക്കുന്നത്.മിനിമം നിരക്കാണോ ഈടാക്കുന്നത് എന്നും സമയബന്ധിതമായി കരമടക്കാത്തതിനാൽ ഫൈൻ ഇനത്തിൽ ചെലവുണ്ടോയെന്നും പരിശോധിക്കാൻ ഇത് മൂലം സാധ്യമല്ല . കൂടാതെ തുക ലഭിക്കാൻ സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ ഏതൊക്കെ കാലത്തെ ഏതൊക്കെ നിരക്കിലുള്ള തുകയാണ് ഒടുക്കിയതെന്ന് വ്യക്തമാക്കപ്പെടുകയോ ,സെക്ഷൻ ക്ലാർക്ക് ഇക്കാര്യം പരിശോധിക്കുകയോ ചെയ്യുന്നില്ല. നോൺ ഡൊമസ്റ്റിക് ഇനത്തിൽ ഉൾപ്പെടുത്തി വെള്ളക്കരം ഈടാക്കുന്നതിനാൽ അംഗൻവാടികൾക്ക് ഓഡിറ്റ് വർഷം പ്രതിമാസം 220/-രൂപ മിനിമം ചാർജ്ജ് വരുന്നുണ്ട്.ഒരു സ്ഥാപനത്തിന് പ്രതിമാസം 2640/-രൂപ ചെലവുവരുമെന്നതിനാൽ,നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ ഭാഗമാകുന്നതുൾപ്പടെയുള്ള ഫലപ്രദമായ ബദൽ മാർഗ്ഗങ്ങളെക്കുറിച്ച് ചിന്തിക്കാവുന്നതുമാണ്.

പരാമർശിച്ച കാര്യങ്ങളിൽ സ്ഥാപനത്തിന്റെ അഭിപ്രായം വ്യക്തമാക്കുന്നതിനും , എത്ര അംഗൻവാടികൾ ജല അതോറിറ്റിയെ ആശ്രയിക്കുന്നുവെന്നും, കരം ഒടുക്കുന്നതിൽ കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുണ്ടെങ്കിൽ അവയുടെ വിശദാംശവും ലഭ്യമാക്കുന്നതിനും നല്കിയ എൻക്വയറിക്ക് മറുപടി നല്കിയിട്ടുണ്ട്. 22അംഗൻവാടികളിൽ വാട്ടർ കണക്ഷൻ ഉണ്ടെന്നും ഇതിൽ രണ്ടെണ്ണത്തിന്റെ (സെന്റർ 159&168) കാര്യത്തിൽ യഥാക്രമം 20616/-രൂപയും, 16350/-രൂപയും കുടിശ്ശികയുണ്ടെന്നും സൂപ്പർവൈസർ വ്യക്തമാക്കിയിട്ടുണ്ട്. മേല്പറഞ്ഞതിൽ നിന്നും പ്രതിവർഷം 58080/- രൂപ വാട്ടർചാർജ്ജിനത്തിൽ സ്ഥാപനത്തിനാവശ്യമാണെന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു. ഫലപ്രദമായ ബദൽ മാർഗ്ഗങ്ങൾ തേടുന്നത് നല്ലതായിരിക്കുമെന്നും അഭിപ്രായപ്പെടുന്നു. കൂടാതെ കുടിശ്ശിക അടിയന്തിരമായി തീർത്ത് വിവരം അറിയിക്കേണ്ടതും, വെള്ളക്കരം സമയബന്ധിതമായി അടക്കാൻ സംവിധാനമൊരുക്കേണ്ടതുമാണ്.

# ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 അനധികൃത നിർമ്മാണ ക്രമവൽക്കരണ അപേക്ഷാ ഫീസ് ഈടാക്കിയതിൽ കുറവ്

30-09-2021 തീയതിയിലെ B1/6969/21നമ്പർ തപാൽ പ്രകാരം ശ്രീമതി.ബിയ്യാത്തു, ശ്രീ. അബ്ദുള്ള ഹാജി, ഹാരിസ് മൻസിൽ (വീട്) എന്നിവരുടെ ഉടമസ്ഥതയിൽ നിർമ്മിച്ച 2230.63ച.മീറ്ററുള്ള അനധികൃത വാണിജ്യ കെട്ടിടം കേരള പഞ്ചായത്ത് രാജ് അനധികൃത നിർമ്മാണ ക്രമവൽക്കരണ ചട്ടം 2018പ്രകാരം ക്രമവൽക്കരിക്കുന്നതിനായി ഫോറം 1A യിൽ പഞ്ചായത്തിൽ അപേക്ഷ നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ നിന്നും കണ്ട അപാകതകൾ ചുവടെ കുടുക്കുന്നു.

1) കെട്ടിട നിമ്മാണ ക്രമവൽക്കരണ ചട്ടം 2018, ചട്ടം 4(V) പ്രകാരം അപേക്ഷ സ്വീകരിക്കുമ്പോൾ 1001 $M^2$ വരെ 7500/-രൂപയും 1001 $M^2$ ന് മുകളിലേയ്ക്കുള്ള ഓരോ ചതുരശ്ര മീറ്ററിനും 15/-രൂപ നിരക്കിലും ക്രമവൽക്കരണ അപേക്ഷാ ഫീസ് ഈടാക്കണം എന്ന് പറയുന്നുണ്ട്. ഇത് പ്രകാരം യഥാർത്ഥത്തിൽ

ഈടാക്കേണ്ടിയിരുന്ന അപേക്ഷാ ഫീസ് ചുവടെ കൊടുക്കുന്നു.

കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം - 2230.6 $M^2$

1001 $M^2$വരെയുള്ള നിർമ്മാണത്തിന് ഈടാക്കേണ്ട ഫീ =7500/-

1001 $M^2$ൽ അധികമുള്ള ഏരിയ = 1229.63 $M^2$

അധികമുള്ള 1229.63 $M^2$ ന് ഈടാക്കേണ്ട ഫീ = 1229.63 X 15 = 18445

ആകെ ഈടാക്കേണ്ട അപേക്ഷാ ഫീ= 7500+ 18445 = 25945/-

എന്നാൽ ക്രമവൽക്കരണ അപേക്ഷാ ഫയലിൽ 30-09-2021ന് സെക്രട്ടറി 2000/-രൂപ അപേക്ഷാ ഫീസ് ഈടാക്കുക എന്ന് നോട്ട് എഴുതിയതിന്റെ അടിസ്ഥാനത്തിൽ ആകെ 2000/-രൂപയാണ് അപേക്ഷാ ഫീയായി ഈടാക്കിയിരിക്കുന്നത്. അതായത് ക്രമവൽക്കരണ അപേക്ഷാ ഫീസ് ഈടാക്കിയതിൽ 23945/- രൂപ (25945-2000) കുറവുണ്ടായി.

2) പ്രസ്തുത കെട്ടിടത്തിലെ 10/1255മുതൽ 10/1267വരെ കെട്ടിട നമ്പർ ഉള്ളതും നികുതി ഈടാക്കി വരുന്നതുമായ ഭാഗം കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടത്തിയതിനാൽ അനധികൃത നിർമ്മാണമായി മാറി. എന്നാൽ ഈ നമ്പർ ഉള്ള കെട്ടിടത്തെ 2018 ലെ ക്രമവൽക്കരണ ചട്ടപ്രകാരം ക്രമവൽക്കരിക്കാൻ കഴിയാത്തതായി നോട്ടീസ് നൽകിയ സാഹചര്യത്തിൽ കെട്ടിടം മുഴുവനായി അനധികൃത കെട്ടിടമായി കണക്കാക്കി അനധികൃത കെട്ടിട നികുതി ഈടാക്കുകയോ അനധികൃത കെട്ടിട രജിസ്റ്ററിൽ കൊണ്ടുവരികയോ ചെയ്തിട്ടില്ല.

3) കേരള പഞ്ചായത്ത് രാജ് അനധികൃത നിർമ്മാണ ക്രമവൽക്കരണ ചട്ടം 2018ലെ ചട്ടം 9 പ്രകാരം ക്രമവൽക്കരണ അപേക്ഷ നിരസിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ വിശദീകരിക്കുന്നുണ്ട്. എന്നാൽ 10-05-2022 ന് നിരസിച്ച ഈ അപേക്ഷയിൽ ചട്ടം 9 പ്രകാരമുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (27/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. മതിയായ രേഖകൾ ലഭ്യമാക്കാനായി പഞ്ചായത്ത് നൽകിയ നോട്ടീസ് പ്രകാരം രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് കേരള പഞ്ചായത്ത് രാജ് അനധികൃത നിർമ്മാണ ക്രമവൽക്കരണ ചട്ടം 2018 ലെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഖണ്ഡികയിൽ പരാമർശിച്ച അപാകതകൾക്ക് ഓഡിറ്റ് നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കോടതിയലക്ഷ്യം മൂലം വക്കീൽ ഫീസിനത്തിൽ ചെലവ്

WP(c) 8912/2015 നമ്പർ കേസുമായി ബന്ധപ്പെട്ട് 2058/2058/2020നമ്പർ കോടതിയലക്ഷ്യ കേസിൽ ഹാജരായതിന് അഡ്വ. യു പി ബാലകൃഷ്ണന് 22100055/19.4.21 നമ്പർ വൌച്ചർ പ്രകാരം 15000/-രൂപ അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ സ്റ്റേഡിയം നിർമ്മിച്ച കരാറുകാരന് ബിൽ തുക നല്കാത്തതിനെ തുടർന്ന് പഞ്ചായത്തിനെതിരെ കരാറുകാരൻ ഫയൽ ചെയ്ത WP(c) 8912/2015 നമ്പർ കേസിൽ,ബിൽ തുകയായ 1538980/-രൂപ നല്കാൻ 18.9.19ന് ഹൈക്കോടതി വിധി പുറപ്പെടുവിച്ചതായിരുന്നു.എന്നാൽ കോടതി വിധി മാനിച്ചുകൊണ്ട് തുക നല്കാത്തതിനെ തുടർന്നാണ് കരാറുകാരൻ കോടതിയലക്ഷ്യത്തിന് കേസ് ഫയൽ ചെയ്തത് . കോടതി വിധി ലഭിച്ചിട്ടും തുക നല്കുകയോ , വിധിക്കെതിരെ അപ്പീൽ പോവുകയോ ചെയ്യാതെ ഇത്തരത്തിൽ കേസിനുള്ള സാധ്യത സൃഷ്ടിക്കുകയും വക്കീൽ ഫീസിനത്തിൽ തുക ചെലവഴിച്ചതും അംഗീകരിക്കാവുന്നതല്ല.വിധി വന്ന സമയത്ത് സ്യൂട്ടുകൾ കൈകാര്യം ചെയ്ത സെക്ഷൻ , സെക്ഷന്റെ മേൽനോട്ടം വഹിച്ച ജൂനിയർ സൂപ്രണ്ട്,സെക്രട്ടറി എന്നിവർ

ഈ അനാവശ്യ ചെലവിന്റെ കാരണക്കാരാണെന്ന് കാണാം. ഉടൻ നടപടി കൈക്കൊള്ളാതെ വരുന്ന ഇത്തരം കറന്റുകളിൽ പിന്നീട് ശ്രദ്ധ വരാൻ ഇടയാക്കുന്ന സ്യൂട്ട് രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതും അനാവശ്യ ചെലവിന് കാരണമായിട്ടുണ്ട്. പേരിന് വേണ്ടി മാത്രം സൂക്ഷിക്കുന്ന രജിസ്റ്ററിൽ കേസിന്റെ വിശദാംശങ്ങളൊന്നും തന്നെ രേഖപ്പെടുത്തുന്നില്ല. ഇക്കാര്യത്തിലും മേൽ ഉദ്യോഗസ്ഥർ കാരണക്കാരാണെന്ന് കാണാം. അപാകതകൾക്ക് സ്ഥാപനത്തിന്റെ വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ചെലവുതുക 15000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക, കോടതിയലക്ഷ്യത്തിന് ആധാരമായ വിധി വന്ന കാലയളവിലെ, മേല്പറഞ്ഞ ഉത്തരവാദികളിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 01.03.2023-02.03.2023 | ഇതേ നമ്പർ ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്-തൂണേരി | 2021-22 | 500000 | പ്രോജക്ട് നം-81/21-22. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ | 500000 | 0 |
| | 2021-22 | 20000 | പ്രോജക്ട് നം-83/21-22.വിശപ്പ് രഹിതനാദാപുരം | 20000 | 0 |
| | 2021-22 | 150000 | പ്രോജക്ട് നം-16/21-22.കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 150000 | 0 |
| | 2019-20 | 200000 | പ്രോജക്ട് നം-154/21-22(SO). അംഗനവാടികളിൽ വയോജന ശിശു സൗഹാർദ്ദ കേന്ദ്രം | 141931 | 58069 |
| | 2021-22 | 500000 | 76/21-22.മലയിൽ ലക്ഷം വീട് അംഗൻവാടി ബ്ലോക്ക് ഷെയർ | 0 | 500000 |
| | 2021-22 | 100000 | പ്രോജക്ട് നം-15/21-22. ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 100000 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 485200 | പ്രോജക്ട് നം-81/21-22. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും | 485200 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നൽകൽ | | |
| | 2021-22 | 247200 | 49/21-22.മുട്ടഗ്രാമം | 247200 | 0 |
| | 2021-22 | 1500000 | 76/21-22.മലയിൽ ലക്ഷം വീട് അംഗൻവാടി | 807360 | 692640 |
| | 2018-19 | 38008 | 146/21-22.ലൈഫ് ഭവനപദ്ധതി-പട്ടികജാതി(S.O) | 38008 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് 1097200/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് സ്ട്രീറ്റ് മെയിൻ ലൈൻ വലിക്കൽ | 22101460/30.03.2022 | 1097200/- | 0 | 1097200/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| നാദാപുരം ഗ്രാമപഞ്ചായത്ത് -ഓഡിറ്റോറിയം നിർമ്മാണം | 113/14തിയ്യതി-13.05.2014 | 0 | 5348476 | 3204580 | 465503 | 2143896 |
| ലൈഫ് ഭവന പദ്ധതി | സ.ഉ.68/2018, തീയ്യതി- | 0 | 6212687 | 821334 | 0 | 5391353 |

| | | | | | | |
|---|---|---|---|---|---|---|
| | 18.05.2018 | | | | | |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 5000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | തുക |
|---|---|---|
| 1 | നാദാപുരം കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ | 5000 |
| ആകെ | | 5000 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 21 | 2003-04 | 11.13.7.1 | നികുതി പിരിവിൽ അംഭാവം | പരാമർശം തുടരുന്നു. |
| 2001-02 | | 2004-05 | 11.1.3.27 | നികുതി കുടിശ്ശിക | പരാമർശം തുടരുന്നു. |
| 2000-01 | 9 | 2004-05 | 11.1.5.2 | സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല | |
| -- | -- | 2014-15 | 4.1.12 | അറവ് ശാലകൾ -നിഷ്ക്രിയാസ്തി | പരാമർശം തുടരുന്നു. |
| 2014-15 | 2-3 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | പരാമർശം നിലനില്ക്കുന്നു |
| 2015-16 | 2-7 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | പരാമർശം നിലനില്ക്കുന്നു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 102034409 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 97526854 |
| വരവിനങ്ങളിലുള്ള നഷ്ടം | 23945 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 15000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1079275 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 23945 | | ശ്രീ.രജ്ഞലാൽ എം.പി,സെക്രട്ടറി |
| 3-1 | | 15000 | ശ്രീ.രജ്ഞലാൽ എം.പി,സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 7740 | ശ്രീ.രജ്ഞലാൽ എം.പി,സെക്രട്ടറി |
| 1-28 | 898800 | ശ്രീ.പ്രേമാനന്ദൻ ടി.സെക്രട്ടറി -ഇൻ ചാർജ്ജ് |
| 1-30 | 172735 | ഡോ.ജമീല എം,സൂപ്രണ്ട് താലൂക്ക് ഹോസ്പിറ്റൽ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ /നിരാകരിച്ച തുക

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രജുലാൽ എം.പി, സെക്രട്ടറി | സെക്രട്ടറി ഒഞ്ചിയം ഗ്രാമപഞ്ചായത്ത് | ശ്രീനികേതം(വീട്),മന്നത്ത് പൊയിൽ,കീഴൽ പി.ഒ |
| ശ്രീ.അവിനാഷ് വി.ഇ.ഒ, | വി.ഇ.ഒ,നാദാപുരം ഗ്രാമപഞ്ചായത്ത് | ഇരണി,മേലൂർ,എളാട്ടേരി , കൊയിലാണ്ടി |
| ശ്രീ.പ്രേമാനന്ദൻ ടി. സെക്രട്ടറി -ഇൻ ചാർജ്ജ് | അസി.സെക്രട്ടറി നാദാപുരം ഗ്രാമപഞ്ചായത്ത് | ഉണ്ടികണ്ടിയിൽ, കുനിങ്ങാട് പി.ഒ,പുറമേരി |
| ഡോ.ജമീല എം, സൂപ്രണ്ട് താലൂക്ക് ഹോസ്പിറ്റൽ | സൂപ്രണ്ട് താലൂക്ക് ഹോസ്പിറ്റൽ,നാദാപുരം | ശാന്തി നിവാസ്, പൂക്കോംറോഡ്,പാനൂർ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2007-08 | എൽ.എഫ്. കെ.കെ.ഡി.പി11/ 433/2014(4)/2010 തീ.17/05/2014 | 14 | 3-4,,3-10,3-11(4),3-12,3-14, 3-15,3-17,3-18 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി(6)/ 1645/2021(2) തീ.11/04/2022 | 1 | 3-21 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി(6)/ 1645/2021(3) തീ.11/04/2022 | 1 | 3-4 (2) |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി.പി(6)/ 1885/2021(2) തീ.21/04/2022 | 3 | 2-6, 3-6,3-8 |
| 2011-12 | കെ.എസ്.എ.കെ.കെ.ഡി.പി(6)/ 1885/2021(3) തീ.21/04/2022 | 7 | 3-3,3-4,3-5,3-6,3-9, 3-10,3-13 |

| | | | |
|---|---|---|---|
| 2012-13<br>2013-14 | കെ.എസ്.എ.കെ.കെ.ഡി.പി(6)/<br>1885/2021(4) തീ.21/04/2022 | 12 | 3-1(2,3,4) , 3-3, 3-5,<br>3-7, 3-10,3-11, 3-13,<br>3-15, 3-16, 3-18, |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി(6)/<br>1885/2021(5) തീ.21/04/2022 | 40 | 2- 2 മുതൽ 2-14 വരെ,<br>3-1,3-4,<br>3- 5, 3-8, 3-9,<br>3-13 മുതൽ 3-16<br>വരെ, 3-19, 3-20, 3-21,<br>3-22, 3-23,3-24,<br>3-25, 3-26, 3-27,<br>3-30, 3-31,3-32,<br>3-33,3-34, 3-36 |
| 2016-17 | എൽ.എഫ്. കെ.കെ.ഡി.പി 6/<br>2131/2017 തീ.22/01/18 | 25 | 2-1(1,3,4,5),2-2,2-3,<br>2-4, 2-5, 3-2, 3-3,<br>3-4,3-5, 3-6, 3-7,<br>3-8, 3-9,3-10, 3-12,<br>3-14, 3-15, 3-16,<br>3-17(1,2), 3-19, 3-21,<br>3-23, 3-24 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി(6)/<br>1360/2019തീ 2/06/2020 | 24 | 1-12, 2-1, 2-2, 2-3,<br>2-4, 2-5,2-6 (1, 2, 4,<br>5, 6, 7), 2-7, 2-8,<br>2-9, 3-1 (1, 2, 3, 4),<br>3-2, 3-3,3-4, 3-5, 3-6,<br>3-7,3-9, 3-10,<br>3-11, 3-12, 3-13,<br>3-14, 3-15 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി(6)/<br>210/2021 തീ 20/02/2021 | 25 | 1-4, 1-5-4, 1-5-5,1-5-6,<br>1-6(1), 1-6(2), 1-6-3,<br>1-7,1-8 ,1-9, 1-10,<br>1-11(എ),1-12-5,1-13,<br>1-16(1),1-16(2), 1-17<br>1-18, 1-19,1-20, 1-21,<br>1-22,1-23,1-24 (എ),<br>1-24 (ബി),3-1 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി(6)/358<br>/2022തിയ്യതി-02.03.2022 | 27 | 1-1,1-1-1 മുതൽ 1-1-5<br>വരെ,1-2,1-4,1-5,<br>1-6-1,1-5-2,1-6-1,<br>1-6-2,1-6,1-7,<br>1-8,1-9,1-10മുതൽ 1-13<br>വരെ,1-14(1,2,3,4),<br>1-15,4-8,4-11 |

| | | | |
|---|---|---|---|
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി(6)/359 /2022തിയ്യതി-16.03.2022 | 44 | 1-1 മുതൽ 1-44 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്